

# ജാലകം

## സെന്റ് പോൾസ് ഹൈസ്കൂൾ മുത്തോലപുരം

ഡിജിറ്റൽ മാഗസിൻ



# സെന്റ് പോൾസ് ഹൈസ്കൂൾ മുത്തോലപുരം



## ഉള്ളടക്കം

ആശംസ.......................................................................6
എഡിറ്റോറിയൽ.......................................................................7
ആശംസ.......................................................................8
നമ്മുടെ വിദ്യാലയം.......................................................................9
പ്ലാസ്റ്റിക് വില്ലനാകുമ്പോൾ.......................................................................12
ദിവ്യദൗത്യം.......................................................................14
പ്രകൃതി നേരിടുന്ന വെല്ലുവിളികൾ.......................................................................16
നമ്മുടെ കേരളം.......................................................................17
നീർ മരുത്.......................................................................19
വിദ്യാഭ്യാസം.......................................................................21
ലിറ്റിൽ കൈറ്റ്സ്.......................................................................22
രാജ്യങ്ങളും നാണയങ്ങളും.......................................................................23
പ്രകൃതി ദൃശ്യം.......................................................................24
മഞ്ഞുതുള്ളിയുടെ ഉണർത്തുപാട്ട്.......................................................................25
കുട്ടായി.......................................................................29
മഴയുടെ നാട്ടറിവുകൾ.......................................................................30
പുഴയുടെ താളം.......................................................................32
കുട്ടിത്തം.......................................................................33
മാധ്യമങ്ങളുടെ സ്വാധീനം.......................................................................34
ഒരു ക്രിസ്തുമസ് രാത്രി.......................................................................37
പ്രതീക്ഷ തൻ മഞ്ഞുതുള്ളി.......................................................................39
എങ്ങോട്ട് ?.......................................................................40
ജവഹർലാൽ നെഹ്റു.......................................................................42
മരം വെട്ടല്ലേ.......................................................................43
നാരായൻ.......................................................................44
കടങ്കഥകൾ.......................................................................45

ഈ യാത്ര ഇനി എത്രനാൾ........................................................47
വലയിൽ വീണ പൂച്ച........................................................48
മനുഷ്യജീവിതങ്ങൾ........................................................49
മാറുന്ന ലോകം........................................................51
മഴ........................................................53
പ്രകൃതി........................................................54
അന്ധകാരത്തിന്റെ മറവിൽ........................................................55
പാടുന്ന പക്ഷികൾ........................................................56
മഹത് വചനങ്ങൾ........................................................57
........................................................57
എന്റെ കുട്ടിക്കാലം........................................................58
ടിന്റുമോൻ ജോക്ക്സ്........................................................60
ജീവിത വിജയത്തിന് മനശക്തിയാണ് പ്രധാനം........................................................61
രക്ഷകനായ്........................................................62
പഴഞ്ചൊല്ലുകൾ........................................................64
പൊൻമണി മുത്തുകൾ........................................................65
സാഹിത്യ നോബൽ ജേതാവ്........................................................67
പൊതുവിജ്ഞാനം........................................................69
അമ്മ........................................................71
തത്തമ്മയും തവളയും........................................................73
രാത്രിയിലെ യാത്രക്കാരൻ........................................................74
നീർമരുത്........................................................75
കഥകളുടെ സുൽത്താൻ........................................................77
പ്രളയനൊമ്പരങ്ങൾ........................................................79
പ്രകൃതി മലിനീകരണം........................................................80
കുരിശിലാണ് മഹത്വം........................................................81
വർഗീകരണശാസ്ത്രം........................................................82

പീറ്റർ ഹാൻഡ്കെ....................................................................85
.......................................................................................85
എന്റെ വിദ്യാലയം...................................................................86
മഹാശ്വേതദേവി ഇനി ഓർമ്മ....................................................87
.......................................................................................87
പനി.....................................................................................88
ഭീമൻ കെൽപ്- മാക്രോസിസ്റ്റിസ്.............................................90
സ്നേഹം................................................................................91
വലിയ മനുഷ്യരുടെ വാക്കുകൾ...............................................92
പൊൻപുലരി..........................................................................97
കുട്ട്യേടത്തി - (വായനാക്കുറിപ്പ്)..............................................98
ഒരു പുതിയ ഗാനം...................................................................99
യാത്രാവിവരണം....................................................................100
കുറുക്കനും വെള്ളമ്പൻപക്ഷിയും.............................................102
നമ്മുടെ കേരളം.....................................................................104
നക്ഷത്രവിളക്ക്.......................................................................106
വാക്കു പാലിക്കാത്ത ചാത്തൻ.................................................108
ബാലലീല............................................................................109
വളരണം - പുതിയൊരു കാർഷിക സംസ്കാരം...........................110
കുസൃതി ചോദ്യങ്ങൾ.............................................................113
സ്വർഗീയ മധ്യസ്ഥൻ.............................................................114




# ആശംസ

**സി. അനിറ്റ S.A.B.S**

കേരളത്തിന്റെ വിദ്യാഭ്യാസമേഖല വലിയൊരു മുന്നേറ്റത്തിന്റെ പാതയിലാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തലാണ് നമ്മുടെ പ്രധാനലക്ഷ്യം. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തി അന്തർദേശിയ നിലവാരത്തിൽ എത്തിക്കുക എന്നത് കേരള സർക്കാർ നടപ്പാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നാണ്. ഇന്നിന്റെ വെല്ലുവിളികളെ അതിജീവിച്ച് മുന്നേറാൻ സാഹചര്യങ്ങൾ ഒരുക്കണം. സമൂഹത്തിന്റെയും സർക്കാരിന്റെയും പിന്തുണയോടുള്ള ഒരു മുന്നേറ്റം ഇന്ന് ഏറെ അനിവാര്യമാണ്. ആധുനിക സാങ്കേതിക വിദ്യയുടെ എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്തികൊണ്ട് മുത്തോലപുരം സെന്റ് പോൾസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ മാറ്റത്തിന്റെ മന്ത്രധ്വനി ഉയർത്തി കഴിഞ്ഞു. ഹൈടെക് ക്ലാസ് മുറികളിലെ പഠനത്തോടൊപ്പം ഒരു ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ അവർ കുറഞ്ഞ കാലയളവിനുള്ളിൽ രൂപപ്പെടുത്തി കഴിഞ്ഞു. ഒരുവനിൽ അന്തർലീനമായിരിക്കുന്ന കഴിവുകളെ പുറത്തെടുത്ത് തേച്ചുമിനുക്കുമ്പോൾ അത് എല്ലാവർക്കും ഒരു പ്രചോദനമായി മാറുന്നു. പരിസരബന്ധിയും ജീവിതഗന്ധിയും ആയി മാറുന്ന പഠനം ജീവിതവിജയത്തിലേക്കുള്ള ഏട്ടുകൾ തുറക്കും. ഈ ഡിജിറ്റൽ മാഗസിൻ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട എല്ലാ കൊച്ചുകൈറ്റ്സിനും കൈറ്റ് മിസ്ട്രസുമാർക്കും അധ്യാപകർക്കും എന്റെ അഭിനന്ദനങ്ങൾ നേരുന്നു.

ആശംസകളോടെ
നിങ്ങളുടെ സ്വന്തം ഹെഡ്മിസ്ട്രസ്
സി. അനിറ്റ

# എഡിറ്റോറിയൽ



അമൃത വിജയൻ

അറിവിന്റെ പ്രകാശം പരത്താനായി ഞങ്ങളിതാ .....................
അക്ഷരത്തുള്ളികൾ എങ്ങും വിതറാൻ...........
എവിടെയും അറിവിന്റെ പച്ചപ്പ് പരത്താൻ...........
ഞങ്ങൾ ലിറ്റിൽ കൈറ്റ്സ് എത്തുകയായി........

ഭാവിയുടെ വാഗ്ദാനങ്ങളായ ഒരു കൂട്ടം പട്ടങ്ങൾ തങ്ങളുടെ വിജ്ഞാന ശകലങ്ങൾ പങ്കുവെക്കുന്നു. കളിപ്പെട്ടിയിലെ ഏതാനും അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് അറിവിന്റെ മായാജാലം ഞങ്ങൾ തുറക്കട്ടെ. വിദ്യാഭ്യാസയജ്ഞത്തിന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കിയ ലിറ്റിൽ കൈറ്റ്സ് എന്ന ഈ സംരംഭത്തിലൂടെ ഞങ്ങളുടെ ഭാവനാലോകത്തിന്റെ യവനിക ഉയരുകയായി. സാങ്കേതിക വിദ്യയുടെ ചവിട്ടു പടികൾ കയറി മലയാളം ടൈപ്പിംഗ് അനായാസം കൈക്കലാക്കി അതിലൂടെ വികസിപ്പിച്ചെടുത്ത ' ജാലകം' ജീവിതത്തിൽ നടന്നതും നടക്കാത്തതുമായ സുവർണ്ണ നിമിഷങ്ങളെ ഞങ്ങളുടെ സൃഷ്ടികളാക്കി ഈ മാസികയിലൂടെ ലിറ്റിൽ കൈറ്റ്സ് അവതരിപ്പിക്കുന്നു. പാഠപുസ്തകത്തിനപ്പുറമുള്ള അറിവുകൾ ശേഖരിക്കാൻ, ഈ മാസിക നിങ്ങളെ സഹായിക്കട്ടെ.

എന്ന്,
നിങ്ങളുടെ സ്വന്തം എഡിറ്റർ
അമൃത വിജയൻ

# ആശംസ



**സിന്ധുമോൾ അബ്രാഹം**

പ്രിയ കൂട്ടുകാരെ,

എന്നും ക്ഷണനേരം കൊണ്ട് തുപ്പിക്കളയുന്ന ഉമിനീരായി കാണുന്നവരും, കായിന്റെ പേരിൽ മാത്രം പൂവിന്റെ സൗന്ദര്യത്തെ മതിക്കുന്നവരും, പ്രയോജനമുള്ളതിനുമാത്രം മൂല്യം നൽകുകയും , പുണ്യം കല്പിക്കുകയും, വാനോളം പുകഴ്ത്തുന്നവരും അടങ്ങിയ ക്ഷണികസുന്ദരമായ ഈ ഭൂമിയിലെ ജീവിതം പരക്കം പാച്ചിലിന്റെയും സംഘർഷത്തിന്റേയും നിമിഷങ്ങളാവുകയാണ്.

“ചിറകുകളിൽ സംഗീതമുള്ള കളഹംസമേ
അടിയനിൽ ചിറകിന്റെയൊരു തൂവൽ തുമ്പി-
ലൊരുമാത്രമെങ്കിലും ഒരു മാത്രമെങ്കിലും
ഞാൻ വാഴ്മെന്ന മധുരമാം സത്യം ജയിക്കട്ടെ”

എന്ന് 'ഭൂമിക്കൊരു ചരമഗീതത്തിൽ' ഒ.എൻ.വി. പാടിയതുപോലെ ഈ ക്ഷണിക ജീവിതത്തെ സംഘർഷാത്മകമാക്കാതെ ശാന്തമായി നമ്മുടെ ദേശത്തിന്റെ പെരുമയും കലാപാരമ്പര്യവുമെല്ലാം കാത്തുസൂക്ഷിച്ച് മുന്നോട്ട് ചുവടുവയ്ക്കാം എന്ന്......



# നമ്മുടെ വിദ്യാലയം



സ്നേഹ മരിയ ലിജു

കുര്യാളശ്ശേരി പിതാവ് സ്ഥാപിച്ച ദിവ്യകാരുണ്യ ആരാധനാ സഭയുടെ പാലാ രൂപതയിലെ ആദ്യ ഭവനം 1919 ജൂലൈ 16-ന് മുത്തോലപുരത്ത് ആരംഭിച്ചു. 1920-ൽ ഒരു പ്രൈമറി സ്കൂൾ മഠം വക കെട്ടിടത്തിൽ തുടങ്ങി. നല്ലവരായ ഇടവകക്കാരുടെയും ബഹുമാനപ്പെട്ട പള്ളിക്കാപ്പറമ്പിൽ പൗലോസ് അച്ചന്റേയും പരിശ്രമഫലമായി പ്രൈമറി സ്കൂൾ കെട്ടിടം പുതുതായി പണികഴിപ്പിച്ചു. അദ്ധ്യാത്മികതയിൽ വേരൂന്നിയ മൂല്യങ്ങളിൽ അധിഷ്ഠിതമായ വിദ്യാഭ്യാസത്തോടൊപ്പം പാചകവൃത്തി, തയ്യൽ, സംഗീതം, ആദിയായ ലോകോപകാരപ്രദങ്ങളായ വേലകളിലും ശുചിത്വം ക്രൃത്യനിഷ്ഠ, മര്യാദ ആദിയായ സ്വഭാവ ഗുണങ്ങളിലും കുട്ടികൾക്ക് പരിശീലനം നൽകണമെന്ന് അഭിവന്ദ്യ കുര്യാളശ്ശേരി പിതാവ് നിഷ്കർഷിച്ചിരിക്കുന്നു. 1938-ൽ ഇതൊരു മലയാളം മിഡിൽ സ്കൂളായി ഉയർത്തപ്പെട്ടു. 1949-ലാണ് മുത്തോലപുരത്തെ ഹൈസ്കൂളിന് വേണ്ടി ശ്രമങ്ങൾ ആരംഭിച്ചത്.

കുര്യാളശ്ശേരി പിതാവ് സ്ഥാപിച്ച ദിവ്യകാരുണ്യ ആരാധനാസഭയുടെ പാലാ രൂപതയിലെ ആദ്യ ഭവനം 1919 ജൂലൈ 16-ന് മുത്തോലപുരത്ത് ആരംഭിച്ചു 1920- ൽ ഒരു പ്രമറി സ്കൂൾ മഠം വക കെട്ടിടത്തിൽ തുടങ്ങി. നല്ലവരായ ഇടവകക്കാരുടെയും ബഹുമാനപ്പെട്ട പള്ളിക്കാപ്പറമ്പിൽ പൗലോസ് അച്ചന്റേയും പരിശ്രമഫലമായി പ്രൈമറി സ്കൂൾ കെട്ടിടം പുതുതായി പണികഴിപ്പിച്ചു. അദ്ധ്യാത്മികതയിൽ വേരൂന്നിയ മൂല്യങ്ങളിൽ അധിഷ്ഠിതമായ വിദ്യാഭ്യാസത്തോടൊപ്പം പാചകവൃത്തി, തയ്യൽ, സംഗീതം, ആദിയായ ലോകോപകാരപ്രദങ്ങളായ വേലകളിലും ശുചിത്വം ക്രൃത്യനിഷ്ഠ, മര്യാദ ആദിയായ സ്വഭാവ ഗുണങ്ങളിലും കുട്ടികൾക്ക് പരിശീലനം നൽകണമെന്ന് അഭിവന്ദ്യ കുര്യാളശ്ശേരി പിതാവ് നിഷ്കർഷിച്ചിരിക്കുന്നു. 1938-ൽ ഇതൊരു മലയാളം മിഡിൽ സ്കൂളായി ഉയർത്തപ്പെട്ടു. 1949-ലാണ് മുത്തോലപുരത്തെ

ഹൈസ്കൂളിന് വേണ്ടി ശ്രമങ്ങൾ ആരംഭിച്ചത്. യു.പി. ഹെഡ്മിസ്ട്രസായിരുന്ന സി. വിയാനിയുംസഹപ്രവർത്തകരും യോഗപ്രതിനിധികളും സ്കൂൾ മാനേജരോട് സഹകരിച്ച് പ്രവർത്തിച്ചതിന്റെ ഫലമായി 1950 ജൂൺ 5-ന് ഹൈസ്കൂളായി ഉയർത്തപ്പെട്ടു. ഹൈസ്കൂളിന് അംഗീകാരം ലഭിച്ചെങ്കിലും സ്കൂൾ കെട്ടിടം ഉണ്ടായിരുന്നില്ല.ഹൈസ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ബഹു. മുരിക്കൻ കുര്യച്ചനും അഞ്ചു പേരടങ്ങുന്ന ഒരു കമ്മറ്റിയെ പള്ളിയോഗം തിരഞ്ഞെടുത്തു. 1951 ഒകടോബർ 11-ന് നാട്ടുകാരുടെ സാന്നിധ്യത്തിൽ ബഹു. മുരിക്കൻ കുര്യച്ചൻ ഹൈസ്കൂൾ കെട്ടിടം വെഞ്ചരിച്ചു.

അറിവിന്റെ പൊൻവെളിച്ചം അനേകർക്കായി പകർന്ന നൽകിയ സെന്റ് പോൾസ് ഹൈസ്കൂൾ ഈ നാടിന്റെ കെടാവിളക്കും തിലകക്കുറിയുമാണ്. സാധുക്കളും സാധാരണക്കാരുമായ ജനങ്ങളുടെ ആശാകേന്ദ്രമായ സെന്റ് പോൾസ് കഴിഞ്ഞ 67 വർഷമായി നേട്ടങ്ങളുടെ വിജയഗാഥ വിരചിച്ചുകൊണ്ട് മുന്നേറുകയാണ്. പാലാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. 2004-ൽ മുതൽ സെന്റ് പോൾസ് ഗേൾസ് ഹൈസ്കൂൾ എന്നത് ആൺകുട്ടികളെയും ഉൾപ്പെടുത്തതി സെന്റ് പോൾസ് ഹൈസ്കൂൾ എന്ന പേരിൽ അറിയപ്പെടുന്നു. പ്രൈമറി സ്കൂൾ സ്ഥാപനത്തിന് നേതൃത്വം നൽകിയത് ബഹുമാനപ്പെട്ട പള്ളിക്കാപ്പറമ്പിൽ പൗലോസച്ചനും ഹൈസ്കൂൾ ആരംഭിക്കുന്നതിന് നേതൃത്വം നൽകിയത് ബഹുമാനപ്പെട്ട മുരിക്കൻ കുര്യച്ചനുമാണ്. വിദ്യാർത്ഥികളുടെ ആദ്ധ്യാത്മികവും, ബൗദ്ധികവും, കലാപരവുമായ വളർച്ച ലക്ഷ്യമാക്കി ഈ വിദ്യാലയം പ്രവർത്തിക്കുന്നു. എസ്.എസ്.എൽ.സി പരീക്ഷയിൽ തുടർച്ചയായി 100% വിജയം നേടുന്നതോടൊപ്പം ഫുൾ A+ ന്റെ എണ്ണവും വർഷം തോറും വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നത് അഭിമാനകരമാണ്. സ്കൂളിനോടനുബന്ധിച്ച് അഞ്ചു മുതൽ പത്ത് വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി ബോർഡിങ്ങും പ്രവർത്തിച്ചു വരുന്നു. സ്കൂളിന്റെ മദ്ധ്യസ്ഥനായ വി. പൗലോസ് ശ്ലീഹായുടെ അനുഗ്രഹവും, മാനേജ്മെന്റിന്റെയും, പി.ടി.യുടെയും സഹകരണവും സ്കൂൾ പ്രവർത്ത നങ്ങളെ സജീവമാക്കുന്നു. യു.പി.സ്കൂൾ ഹെഡ്മിസ്ട്രസായിരുന്ന സി. വിയാനിയും സഹപ്രവർത്തകരും യോഗപ്രതിനിധികളും സ്കൂൾ മാനേജരോട് സഹകരിച്ച് പ്രവർത്തിച്ചതിന്റെ ഫലമായി 1950 -ജൂൺ 5-ന് ഹൈസ്കൂളായി ഉയർത്തപ്പെട്ടു. ഹൈസ്കൂളിന് അംഗീകാരം ലഭിച്ചെങ്കിലും സ്കൂൾ കെട്ടിടം ഉണ്ടായിരുന്നില്ല. ഹൈസ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ബഹു. മുരിക്കൻ കുര്യച്ചന്റെ നേതൃത്വത്തിൽ അഞ്ചു പേരടങ്ങുന്ന ഒരു കമ്മറ്റിയെ പള്ളിയോഗം

തിരഞ്ഞെടുത്തു. 1951 ഒകടോബർ 11-ന് നാട്ടുകാരുടെ സാന്നിധ്യത്തിൽ ബഹു. മുരിക്കൻ കുര്യച്ചൻ ഹൈസ്കൂൾ കെട്ടിടം വെഞ്ചരിച്ചു.

അറിവിന്റെ പൊൻവെളിച്ചം അനേകർക്കായി പകർന്നു നൽകിയ സെന്റ് പോൾസ് ഹൈസ്കൂൾ ഈ നാടിന്റെ കെടാവിളക്കും തിലക ക്കുറിയുമാണ്. സാധുക്കളും സാധാരണക്കാരുമായ ജനങ്ങളുടെ ആശാകേന്ദ്രമായ സെന്റ് പോൾസ് കഴിഞ്ഞ 67 വർഷമായി നേട്ടങ്ങളുടെ വിജയഗാഥ വിരചിച്ചുകൊണ്ട് മുന്നേറുകയാണ്. പാലാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. 2004 മുതൽ സെന്റ് പോൾസ് ഗേൾസ് ഹൈസ്കൂൾ എന്നത് ആൺകുട്ടികളെയും ഉൾപ്പെടുത്തതി സെന്റ് പോൾസ് ഹൈസ്കൂൾ എന്ന പേരിൽ അറിയപ്പെടുന്നു. പ്രൈമറി സ്കൂൾ സ്ഥാപനത്തിന് നേതൃത്വം നൽകിയത് ബഹുമാനപ്പെട്ട പള്ളിക്കാപ്പറമ്പിൽ പൗലോസച്ചനും ഹൈസ്കൂൾ ആരംഭിക്കുന്നതിന് നേതൃത്വം നൽകിയത് ബഹുമാനപ്പെട്ട മുരിക്കൻ കുര്യച്ചനുമാണ്. വിദ്യാർത്ഥികളുടെ ആദ്ധ്യാത്മികവും, ബൗദ്ധികവും, കലാപരവുമായ വളർച്ച. ലക്ഷ്യമാക്കി ഈ വിദ്യാലയം പ്രവർത്തിക്കുന്നു. എസ്.എസ്.എൽ.സി പരീക്ഷയിൽ തുടർച്ചയായി 100% വിജയം നേടുന്നതോടൊപ്പം ഫുൾ A+ ന്റെ എണ്ണവും വർഷം തോറും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. സ്കൂളിനോട് അനുബന്ധിച്ച് അഞ്ചു മുതൽ പത്ത് വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി ബോർഡിങ്ങും പ്രവർത്തിച്ചു വരുന്നു. സ്കൂളിന്റെ മദ്ധ്യസ്ഥനായ വി.പൗലോസ് ശ്ലീഹായുടെ അനുഗ്രഹവും, മാനേജ്മെന്റിന്റെയും, പി.ടി.എ യുടെയും സഹകരണവും സ്കൂൾ പ്രവർത്തനങ്ങളെ സജീവമാക്കുന്നു.



# പ്ലാസ്റ്റിക് വില്ലനാകുമ്പോൾ



**ഷൈനി പോൾ**

പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാന ഘട്ടത്തിൽ കണ്ടുപിടിക്കപ്പെട്ട പ്ലാസ്റ്റിക് ഇന്ന് സർവ്വമേഖലയിലും അനിവാര്യ ഘടകമായിരിക്കുന്നു. അലക്ഷ്യമായി കൈകാര്യം ചെയ്യുന്ന പൊളിത്തീൻ ക്യാരിബാഗുകൾ മുതൽ ജീവൻ രക്ഷിക്കുന്ന കൃത്രിമഹൃദയവാൽവ് വരെ പ്ലാസ്റ്റിക്കിന്റെ പല വകഭേദങ്ങൾ മാത്രമാണ്. അലക്ഷ്യമായി വലിച്ചെറിയുന്ന പ്ലാസ്റ്റിക് കൂടുകളും കുപ്പികളും തുടങ്ങി ഇലക്ട്രോണിക് മാലിന്യങ്ങളിൽ അടങ്ങിയിയിരിക്കുന്ന പ്ലാസ്റ്റിക്കുകൾ വരെ പരിസ്ഥിതിയെ മലിനമാക്കികൊണ്ടിരിക്കുന്നു.

കണ്ടുപിടിക്കപ്പെട്ട കാലത്ത് അത്ഭുത വസ്തു എന്ന് വാഴ്ത്തപ്പെട്ട പ്ലാസ്റ്റിക് പരിസ്ഥിതിയുടെയും ആവാസവ്യവസ്ഥയുടെയും താളം തെറ്റിച്ച് ഭൂമിയെ കൊണ്ടുചെന്നെത്തിക്കുന്നത് ആത്മഹത്യ മുനമ്പിലേക്കാണ്. പ്ലാസ്റ്റിക്കുകൾ മണ്ണിലെ വായുസഞ്ചാരവും മണ്ണിന്റെ ജലസംഭരണശേഷിയും കുറയ്ക്കും. സൂക്ഷ്മജീവികളുടെ വളർച്ച മുതൽ സസ്യവളർച്ചയെ വരെ അത് പ്രതികൂലമായി ബാധിക്കും. നാം ചുറ്റുപാടും വലിച്ചെറിയുന്ന പ്ലാസ്റ്റിക് വസ്തുക്കളിൽ കെട്ടുകിടക്കുന്ന വെള്ളം കൊതുകൾക്കും രോഗാണുക്കൾക്കും വളരാനുള്ള അനുകൂല സാഹചര്യം കൂടി ഒരുക്കി കൊടുക്കുന്നു.

വീട്ടിലുപയോഗിക്കുന്ന പ്ലാസ്റ്റിക് ഉപകരണങ്ങളുടെ കണക്കെടുത്താൽ പേനയും ടൂത്ത് ബ്രഷും മുതൽ കംപ്യൂട്ടറിൽ വരെയുണ്ട് പ്ലാസ്റ്റിക്കിന്റെ സാന്നിധ്യം. എന്തും ഉപയോഗശേഷം വലിച്ചെറിയുന്ന ശീലമുള്ള നമ്മൾ പ്ലാസ്റ്റിക്കിന്റെ കാര്യത്തിലും അതു തന്നെ ചെയ്യുന്നു. അപ്പൂപ്പൻതാടി പോലെ പറന്നു നടക്കുന്ന പ്ലാസ്റ്റിക് സഞ്ചികളും ജലാശയത്തിൽ ഒഴുകി നടക്കുന്ന പ്ലാസ്റ്റിക് കുപ്പികളും നമ്മുടെവലിച്ചെറിയൽ സംസ്കാരത്തിന്റെ ബാക്കി

പത്രം തന്നെ. മണ്ണ് മാത്രമല്ല ലോകമെങ്ങുമുള്ള സമുദ്രങ്ങൾ പ്ലാസ്റ്റിക്കിന്റെ കുപ്പത്തൊട്ടിയായി മാറിക്കഴിഞ്ഞിരിക്കുന്നു. ഗ്രീൻപീസ് പ്രവർത്തകർ പസിഫിക് സമുദ്രത്തിലൂടെ സഞ്ചരിച്ച് നടത്തിയ പഠനങ്ങൾ നല്കുന്ന വിവരങ്ങൾ ഞെട്ടിപ്പിക്കുന്നതാണ്. അനേകം ജലജീവികൾ മലിനീകരണത്തിന്റെ ഭീഷണിയിലാണ് .

നിർമാണത്തിലും ഉപയോഗത്തിലും പ്ലാസ്റ്റിക് പെട്ടെന്ന് വഴങ്ങുമെങ്കിലും ഉപയോഗ കാലശേഷം പ്രകൃതിയോട് ഇണങ്ങാൻ മടിക്കും. പരിസ്ഥിതി സൗഹൃദ ജൈവ പ്ലാസ്റ്റിക്കുകൾ ഉപയോഗിക്കുകയെന്നതാണ് ഭൂമിയെ രക്ഷിക്കാനുള്ള ഏക വഴി. പ്ലാസ്റ്റിക് പുനഃചംക്രമണത്തിന് സുരക്ഷിതമായ മാർഗങ്ങൾ ഇനിയും കണ്ടെത്തേണ്ടിയിരിക്കുന്നു. തുണിസഞ്ചിയും കടലാസ്ബാഗുകളും ഉപയോഗിക്കുന്നതിൽ താൽപര്യം കാണിക്കുക, സ്കൂളുകൾ പ്ലാസ്റ്റിക് വിമുക്തമാക്കാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക എന്നിവയെല്ലാം പ്രകൃതിയെ വരും തലമുറയ്ക്കായി കാത്തുസൂക്ഷിക്കാൻ നമ്മെ സഹായിക്കുന്നു.

പ്ലാസ്റ്റിക് മാലിന്യത്താൽ മൂടപ്പെട്ടുകൊണ്ടിരിക്കുന്ന ഭൂമിയെ ഓർത്ത് കവി പി. കുഞ്ഞിരാമൻ നായരുടെ പാരിസ്ഥിതിക നിരീക്ഷണം ഇങ്ങനെ

"ഈർച്ച കമ്പനിയായി മാറി
ഋഷി വാണ തപോവനം
പൊങ്ങി പെറ്റമ്മ തൻ സ്ഥാനത്തൊരു പ്ലാസ്റ്റിക് സുന്ദരി"





# ദിവ്യദൗത്യം

സി. മരിയറ്റ് ചെറിയാൻ

അധ്യാപനം ഒരു ദിവ്യദൗത്യം
ദൈവത്തിൻ വരദാനമാണിതെന്നും
ഓ, ദിവ്യഗുരുവേ നിൻ അമൂല്യമായ
അധ്യാപന ദൗത്യം എന്തു ശ്രേഷ്ഠം
ആ ദിവ്യദൗത്യം നീ എനിക്കും തന്നു
നന്ദി ഞാൻ ചൊല്ലുന്നു ഇന്നുമെന്നും
ഭാവിതൻ വാഗ്ദാനമായിടേണ്ട
കുഞ്ഞുങ്ങളല്ലോ നമുക്കു മുന്നിൽ
നാമിന്നു കാണേണമവരെയെല്ലാം
സ്നേഹത്തിൻ കണ്ണാലേ നോക്കിടേണം
ഇടറുന്ന പാദങ്ങൾ, ചിതറുന്ന ചിന്തകൾ
ദിശ തെറ്റി ഓടുന്ന കുഞ്ഞുമക്കൾ
ലക്ഷ്യം മറക്കുന്ന മൂല്യം മറക്കുന്ന
പഠനം അവർക്കു മഹാവിരസം
മൊബൈലും ടിവിയും ഫെയ്സ്ബുക്കുമല്ലോ
അവർക്കിന്ന് ഏറ്റം പ്രിയങ്കരങ്ങൾ
അറിവിൻ നിറവുകൾ നിറഞ്ഞിടാതെ
നെറികെട്ട മക്കൾ നിറഞ്ഞിടുന്നു
നന്മയും തിന്മയും ഗ്രഹിച്ചിടാതെ
തിന്മതൻ വഴിയേ നടന്നിടുന്നു
തിരുത്തൽ അവർക്ക് മഹാവെറുപ്പ്
ഞങ്ങളെ തിരുത്താൻ നിങ്ങളാര്?

ഉയരുന്ന ചോദ്യശരങ്ങളിന്ന്
ആരോടെന്നില്ലാതെ ഉതിർത്തിടുന്നു
ഞങ്ങൾക്ക് വഴികാട്ടി മാധ്യമങ്ങൾ
ഞങ്ങൾക്ക് വേണ്ടത് പബ്ലിസിറ്റി
കാലപ്രവാഹത്തിൻ കുത്തൊഴുക്കിൽ
കുത്തി ഒലിക്കുന്ന മൂല്യബോധം
മൂല്യച്യുതിക്കിന്ന് പഞ്ഞമില്ല
എങ്ങുമേ തിന്മതൻ കേളിരാഗം
നേടേണ്ടതെന്തെന്നറിഞ്ഞിടാതെ
നേട്ടങ്ങൾക്കായ് മാത്രം നേട്ടമിന്ന്
സ്വാർത്ഥ മോഹത്തിനായ് എന്തും ചെയ്യാൻ
ഒട്ടും മടിയ്ക്കാത്ത മാനവനെ
കണ്ടുവളരുന്ന കുഞ്ഞുമക്കൾ
പിൻതുടരുന്നു ആ പാത തന്നെ
അകക്കണ്ണു തുറക്കേണ്ട ഗുരുക്കളെല്ലാം
ഉണരേണ്ട സമയം അതിക്രമിച്ചു
മൂല്യബോധത്തിൽ വളർത്തിടേണം
നന്മയാൽ നിറയേണം കുഞ്ഞുമക്കൾ
നാടിനും വീടിനും നന്മ മാത്രം
ചെയ്യുവാൻ കരുത്തരായ് വളർന്നിടേണം
നമ്മുടെ മുന്നിലെ നമ്മുടെ സന്തോഷമതു താനല്ലോ.
അധ്യാപനം ഒരു ദിവ്യദൗത്യം
ദൈവത്തിൻ വരദാനമാണിതെന്നും.

# പ്രകൃതി നേരിടുന്ന വെല്ലുവിളികൾ



ആൻ മരിയ ഷാജി

പ്രകൃതി ഇന്ന് പലവിധത്തിൽ ഉള്ള വെല്ലുവിളികൾ നേരിടുന്ന അവസ്ഥയിലാണ്. കാരണം, നിരന്തരം മനുഷ്യൻ പ്രകൃതിയെ ചൂഷണം ചെയ്യുകയാണ് നമ്മുടെ നന്മയ്ക്കുവേണ്ടി ദൈവം സൃഷ്ടിച്ച ഈ പ്രകൃതിയെ നാം ചെയ്യുന്നതെന്താണ്? അവയെ സംരക്ഷിക്കുകയാണോ? ഒരിക്കലുമല്ല. നമ്മുടെ സ്വാർത്ഥമോഹ ങ്ങൾക്കായി പ്രകൃതിയെ നാം നിരന്തരം സമീപിക്കുകയാണ്. പണ്ട് പച്ചഹരിതമായ പൂക്കൾ നിറഞ്ഞ മരങ്ങൾ നിറഞ്ഞ അരുവികളാൽ സമ്പുഷ്ടമായ പ്രകൃതി എത്ര മനോഹരമാണ് എന്നാൽ ഇന്ന് കുന്നുകൾ നിരത്തി അതിന്മേൽ ആകാശം മുട്ടെ കെട്ടിടങ്ങൾ കാണപ്പെടുന്നു. സ്നേഹത്തിന്റെ സന്ദേശവുമായി നമ്മെ സമീപിച്ച പ്രകൃതിയെ നാം ശത്രുക്കളായി കണ്ടു.

മരങ്ങൾ വെട്ടി നശിപ്പിക്കുക, കുന്നിടിക്കുക, പുഴകൾ മലിനീകൃതമാക്കുക, മണൽ വാരുക, ചെടികൾ പിഴുതെടുക്കുക തുടങ്ങി എന്തെല്ലാം ......... മരങ്ങൾ വെട്ടിനശിപ്പിച്ച് കെട്ടിടങ്ങൾ പണിയുന്നു. ഇത് നമുക്ക് ദോഷമാണ്. കാരണം, മരങ്ങൾ നശിപ്പിക്കുന്നതിലൂടെ വായു ഇല്ലാതാകുന്നു. മഴ കുറയുന്നു. അതിൻപ്രകാരം മനുഷ്യൻ ക്രമേണ നശിക്കുന്നു. കുന്നിടിക്കുന്നതിലൂടെ, ജലസംഭരണികൾ ആകുന്ന കുന്നുകൾ നശിക്കുന്നു. മഴയുടെ അളവ് കുറയുന്നു. പുഴകൾ മലിനീകൃതമാക്കുന്നതിലൂടെ ജലം കുറയുകയും പുഴ, അരുവി, തുടങ്ങിയ ജലസംഭരണികൾ നശിക്കുകയും ജലം മണ്ണിൽ അലിഞ്ഞു തീരുകയും വരൾച്ച ഉണ്ടാവുകയും ചെയ്യുന്നു. മനുഷ്യൻ ചെയ്യുന്ന ഓരോ പ്രവർത്തിക്കും നമുക്ക് തന്നെയാണ് നഷ്ടം വരുന്നതും.

# നമ്മുടെ കേരളം



വിസ്മയ സജിമോൻ

"കേരളം", ദൈവത്തിന്റെ സ്വന്തം നാട് എന്ന് അറിയപ്പെടുന്ന കേരളം ഇന്ന് മരങ്ങളാലും, കുന്നുകളാലും, പൂക്കളാലും, പുഴകളാലും എണ്ണുകെണ്ടും സത്ഗുണസമ്പാനമായ് വിസ്തിരിച്ചു പരന്നുകിടക്കുന്ന നമുടെ കൃഷിഭ്രമിയാണ് കേരളം . "ദൈവത്തിന്റെ സ്വന്തം നാട് "എന്നുള്ള നാമവും ഇതിനകം നാം എറ്റുവാങ്ങിക്കഴിഞ്ഞു. തരിശിടുന്ന കൃഷിഭ്രമിയും, തകർന്ന കർഷകനും ഈ കാലഘട്ടത്തിന്റെ പ്രതീകങ്ങളായി മാറുമ്പേൾ കുറെയധികം മനുഷ്യർ ഇന്ന് നമ്മുടെ കൃഷിഭ്രമിയെ വികസനം എന്ന പേരിൽ നശിപ്പിക്കുവൻ വേണ്ടി ഇറങ്ങിതിരിക്കുന്നു.... മരങ്ങളാലും, പുഴകളാലും, കുന്നുകളാലും ചുറ്റപ്പെട്ട നമുടെ നാട് ഇന്ന് പ്രകൃതിയെ നശിപ്പിക്കുന്ന ഗുഹകളായി പൊക്കികെട്ടുകയാണ് മനുഷ്യർ. ആ ഭ്രതകെട്ടുകളിൽ നിന്ന് ഉയരുന്ന അശുദ്ധമായ പുകയാൽ ശുദ്ധവായു ലഭിക്കാതെ ഇന്ന് നിരവധി പിഞ്ചു ബാല്യങ്ങളുടെ ജീവാനുകൾ മണ്ണിനടിയിലാണ്. നാം പ്രകൃതിയോട് കാണിക്കുന്ന ക്രൂരതയ്ക്ക അതിരില്ലാതെയാകുമ്പോൾ അവിടെ നമ്മോട് പ്രതികരിക്കുന്നത് നമ്മുടെ പ്രകൃതി തന്നെയാണ് മക്കൾ തെറ്റുകൾ ചെയ്താൽ അമ്മ അദ്യമൊക്കെ ക്ഷമിക്കും പിന്നെ ഒരു വലിയ പാഠം പ്രകൃതി മാതാവ് നമുക്ക് അനുഭവങ്ങളിലൂടെ പഠിപ്പിച്ചുതരും ഇതിന് ഏറ്റവും വലിയ ഉദാഹരണമാണ് കഴിഞ്ഞ രണ്ടു വർഷമായി കേരളീയർ അനുഭവിക്കുന്ന "പ്രളയം". പ്രകൃതിയുടെ സംഹരത്തണ്ടവം. ഇതിനിടെ നിരവധി ജീവാനുകൾ നമുക്കിടയിൽ നിന്നും

പെലിഞ്ഞു പോയിരുന്നു. മനുഷ്യർ പ്രകൃതിയോട് കാട്ടിക്കൂട്ടുന്ന ഈ ദുഷ് പ്രവർത്തികളെല്ലാം എന്ന് അവസാനിക്കുന്നുവോ അതുവരെ നമുക്ക് എല്ലാവർക്കും പ്രകൃതി ഇതുപോലെ ഓർമ്മപ്പെടുത്തലുകൾ നൽകിക്കൊണ്ടിരിക്കും. ഓട്ടേറെ ക്ലേശങ്ങളും, ദുരിതങ്ങളും, അതിൽപരം സുഖവും അനുഭവിച്ചാണ് ഇന്നത്തെ തലമുറ ജീവിക്കുന്നത്. ശുദ്ധമായ പുഴകൾ ഇന്ന് മാലിന്യകൂമ്പാരങ്ങളാൽ കെട്ടിനിന്നാ ആ വെള്ളത്തിൽ ഓരോ സൂക്ഷ്മ ജീവികൾ വളർന്ന് അത് നാടാകെ വ്യാപിച്ച് രോഗങ്ങൾ പരത്തുകയാണ്. മരങ്ങളും, കുന്നുകളും, പുഴകളുമെല്ലാം വെട്ടിനശിപ്പിച്ചൽ ഉണ്ടാകുന്ന ദുരിതം അതികഠിനമാണ്. ഉദാഹരണമായ് ഉരുൾപൊട്ടാലും, മണ്ണിടിച്ചിലും, ഇവയെല്ലാം കൊണ്ട് ആ കൃഷിക്കരുടെ ജീവാനുകളെ, സങ്കടത്തിലാഴ്ത്തുകയാണ്. ചിന്തിക്കുക കെട്ടിനിൽക്കുന്ന വെള്ളം കളഞ്ഞും, ജലത്തിലെ പ്ലാസ്റ്റിക്കുകൾ നീക്കം ചെയ്യും, മരങ്ങൾ നാട്ട് പിടിപ്പിച്ചും വരും തലമുറയ്ക്ക്, വേണ്ട സൗകര്യങ്ങൾ നമ്മളാൽ കഴിയുന്ന വിധം നമുക്ക് ഏവർക്കും ഒറ്റകെട്ടായി നിന്നു കൊണ്ട് ചെയ്യ്ത് കൊടുക്കാം...... നല്ലൊരു നാളെ അശംസിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു, -നന്ദി, നമസ്കാരം

# നീർ മരുത്



**വൈഷ്ണവി രാജ**

വിക്രമാദിത്യ മഹാരാജാവുമായുള്ള പ്രണയം തകർന്നതിനുശേഷം ഞാൻ ഒരു മരത്തെയാണ് പ്രണയിച്ചത് രാജാവ് നല്ലൊരു കാമുകനായിരുന്നു...പക്ഷെ, വെള്ളക്കുതിരപ്പുറത്തുവന്നില്ല... അതുകൊണ്ടു ഞാനദ്ദേഹത്തെ നിഷ്കരുണം ഉപേക്ഷിച്ചു. മരം ഉന്നതശീർഷകനും സുന്ദരനും ആരോഗ്യവാനുമായിരുന്നു.ഒരു ചരിഞ്ഞ പാറക്കെട്ടിനു സമീപം കുട നിവർത്തിനിന്ന ഒരു നീർമരുതായിരുന്നു അവൻ അവന്റെ പാദങ്ങളിൽ തൊട്ടുതഴുകി ഒരരുവി ഒഴുകുന്നുണ്ടായിരുന്നുചരിഞ്ഞ പാറപ്പുറത്ത്...അരുവിയിൽ കാൽപ്പദങ്ങളിളക്കി പാദസരങ്ങൾ കിലുക്കി... ഞാനിരുന്നു എന്റെ മരക്കാമുകനോടു ഞാൻ പറഞ്ഞു. ചില്ലകൾ താഴ്ത്തിനീ എന്നെയൊന്നു കെട്ടിപ്പിടിക്കൂ....... ഇലകളിൽ പ്രേമകവിതകൾ കുറിച്ച് താഴേക്കിടൂ ഓർക്കാപ്പുറത്തൊരു പൂമഴ പെയ്യിച്ച്എന്നെ അത്ഭുതപ്പെടുത്തൂ... മരം എല്ലാം കേട്ട് ചിരിച്ച് തലയാട്ടി അങ്ങനെ ആകാശത്തേക്കുയർന്നുപോയി...സങ്കടത്തോടെ ഞാനവനെ ആലിംഗനം ചെയ്തു അവനുവേണ്ടി ഞാൻ പാട്ടുപാടി മരച്ചുവട്ടിൽ വെള്ളാരം കല്ലുകൾ കുഴിച്ചിട്ടു. ഞങ്ങളുടെ പ്രണയത്തിന്റെ ശക്തികൊണ്ട്അവ സ്വർണ്ണമായിത്തീരുമെന്നും ആ സ്വർണ്ണം കൊണ്ട് ഒരു കിരീടം പണിയാമെന്നും ഞാൻ കരുതി. എന്റെ വെള്ളാരം കല്ലുകളെ വേരുകൾക്കിടയിലാഴ്ത്തി അവൻ എങ്ങോകൊണ്ടുപോയിക്കളഞ്ഞു വർഷങ്ങൾക്കുശേഷം ഇന്നലെ ഞാൻ

അവിടെപ്പോയി...നീർമരുത് ആരോ മുറിച്ചുവിറ്റു... അവന്റെ പാദങ്ങൾ തഴുകിയ കാട്ടരുവി മണ്ണിനടിയിലേക്കുണങ്ങിയമർന്നു പോയി... മരണത്തിലേക്കു ചരിഞ്ഞിറങ്ങുന്ന പാറയിൽ താഴേക്കു വീണുപോകാതെ അള്ളിപ്പിടിച്ചിരുന്ന്... ഞാൻ മാത്രം...അവനെയോർത്തു...



# വിദ്യാഭ്യാസം





ശ്രീമതി പ്രിയ സെബാസ്റ്റ്യൻ

വിദ്യ അഥവാ അറിവ് അഭ്യസിക്കുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം. സമാന്യമായ അറിവ് നേടുന്നതും തൊഴിൽ ചെയ്യാനുള്ളശേഷി നേടുന്നതും സംസ്കാരത്തെ അറിയുന്നതും വിദ്യാഭ്യാസത്തിലൂടെയാണ്. നേടുന്ന അറിവ് ഒരിക്കലും നശിക്കാത്തതിനാൽ ഏത് ധനത്തെക്കാളും പ്രാധാന്യവും ഇതിനുണ്ട്. വിദ്യാധനം സർവ്വധനാൽ പ്രധാനമെന്ന് പറയുന്നതും ഇതിനാലാണ്.

മനുഷ്യന്റെ അറിവ് വിവിധ മേഖലകളിലേക്ക് വ്യാപിച്ചിട്ടുണ്ട്. ജീവിതസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വിവിധ വിദ്യകൾ അഭ്യസിക്കേണ്ടതായും വന്നു. ഇതിന്റെ ഫലമായി ഉപരിപഠനവും ആവശ്യമായി വന്നു. വിദ്യാഭ്യാസരംഗത്തുണ്ടാകുന്ന അപചയം ഒരു രാജ്യത്തിന്റെ അധ:പതനത്തിന് കാരണമാകും. ഏതൊരു സമൂഹത്തിന്റെയും കെട്ടുറപ്പിന് അടിസ്ഥാനം വിദ്യാഭ്യാസമാണ്. വിദ്യാഭ്യാസ രംഗത്തെ അശാസ്ത്രീയമായ പരിഷ്കാരങ്ങളും വിദ്യാഭ്യാസ നിലവാരത്തെ പ്രതികൂലമായി ബാധിക്കാറുണ്ട്. ഒരു വ്യക്തിയുടെ സംസ്കാരികവും മാനസികവുമായ വളർച്ചയാണ് വിദ്യാഭ്യാസം കൊണ്ട് ലഭിക്കുന്നത്. വിദ്യാഭ്യാസം ഒരു വ്യക്തിയെ സ്വന്തം കാലിൽ നിൽക്കുവാൻ പ്രാപ്തനാക്കുന്നു. അഭിരുചിയ്ക്കനുസരിച്ചാകണം വിദ്യാഭ്യാസം. പകർന്നു കൊടുക്കുംന്തോറും വർദ്ധിക്കുന്നതാണ് വിദ്യ. ഒരുവനിൽ മലിനമായി കിടക്കുന്ന മനസ്സിനെ ശുദ്ധീകരിക്കാനും ജീവിതത്തെ മുന്നോട്ടു നയിക്കാനും വിദ്യ കൂടിയേ തീരു. ഉറങ്ങിക്കിടക്കുന്ന പ്രതിഭയെ പ്രതിഫലിപ്പിക്കാനും വിദ്യയ്ക്ക് കഴിയും.

# ലിറ്റിൽ കൈറ്റ്സ്



അഞ്ജിത അജി

കേരള സർക്കാരിന്റെ വിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി തുടങ്ങിയ ലിറ്റിൽ കൈറ്റ്സ് ഞങ്ങൾക്ക് വളരയേറെ പ്രയോജനമായി തീരുന്നു. യജ്ഞത്തിന്റെ ഭാഗമായി തുടങ്ങിയ ലിറ്റിൽ കൈറ്റ്സ് ഞങ്ങൾക്ക് വളരയേറെ പ്രയോജനമായി തീരുന്നു. ഒത്തൊരുമയുടെ സംഘടനയാണ് ലിറ്റിൽ കൈറ്റ്സ്. ഇതിലൂടെ ഞങ്ങൾക്ക് കംമ്പ്യൂട്ടറുമായി കൂടുതൽ ഇടപെഴകുവാൻ സാധിച്ചു. ഓരോ ബുധനാഴ്ച്ചയും ഒരു മണിക്കൂർ ഉള്ള ക്ലാസ് ഏറെ രസകരമാണ്. ഇതിലൂടെ ആനിമേഷൻ, സ്ക്രാച്ച്, എഡിറ്റിങ്ങ്, മലയാളം ടൈപ്പിങ്ങ് തുടങ്ങിയവ പഠിച്ചു. ഒരു സ്മാർട്ട് ക്ലാസിലും പ്രോജക്ടറും ലാപ് ടോപ്പും സജ്ജീകരിക്കുന്നതിന് അദ്ധ്യാപകരെ സഹായിക്കാൻ കഴിഞ്ഞു. ക്യാമറ ഷൂട്ടിംഗ് പഠിക്കുവാൻ സാധിച്ചു. ഇതിലൂടെ പുതുതലമുറയുടെ സാങ്കതികവിദ്യകൾ എപ്രകാരമുണ്ടെന്ന് തിരിച്ചറിയാൻ കഴിഞ്ഞു.

ആകെ ഏഴ മൊഡ്യൂളുകളായി 25 ആഴ്ചകളിലൂടെ കടന്നു പോകുന്നു. സാങ്കേതികവിദ്യയിലൂടെ ഓരോ കുട്ടിയെയും ഉയർന്ന നിലവാരത്തിൽ എത്തിക്കാൻ ലിറ്റിൽ കൈറ്റ്സ് ശ്രമിക്കുന്നു. ഈ കൂട്ടായ്മ ഫലപ്രദമായി ഉപയോഗിക്കാനും, വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപ്പെടുത്താൻ ലിറ്റിൽ കൈറ്റ്സ് ശ്രമിക്കുന്നുണ്ട്. കുട്ടികളുടെ ഐ.റ്റി കൂട്ടായ്മയാണ് ഇത്. ഓരോ കുട്ടിയും തനിക്ക് യോജിച്ച മേഖല കണ്ടു പിടിക്കുന്നതിനും, അതിലേക്ക് കടന്നു ചെന്ന് ഉപരിപഠനം തേടുന്നതിനും മറ്റ് പഠനങ്ങളിൽ ഉയർന്നനിലവാരത്തിൽ എത്തുന്നതിനും ഇത് സഹായിക്കുന്നു. അങ്ങനെ ഞങ്ങൾക്ക് പൂർണ്ണമായും സഹായകമായ ലിറ്റിൽ കൈറ്റ്സ് വരും തലമുറക്ക് എന്നും സൂക്ഷിക്കാവുന്ന ഒരു മരതക കല്ല തന്നെയാണ്

# രാജ്യങ്ങളും നാണയങ്ങളും



അജില്ല ഗീവർ


| | |
|---|---|
| ഇന്ത്യ | - രൂപ |
| അൾജീരിയ | - അൾജീരിയൻ ദിനാർ |
| അംഗോള | - ക്വാൻസാ |
| ബോട്ട്സ്വാന | - പുല |
| കാമറൂൺ | - സി.എഫ്.എ.ഫ്രാങ്ക് |
| എത്യോപ്യ | - ബിർ |
| ഘാന | - ഘാനയിയൻ സെഡി |
| ശ്രീലങ്ക | - ലങ്കൻരൂപ |
| സിങ്കപ്പൂർ | - സിങ്കപ്പൂർ ഡോളർ |
| തായ് വാൻ | - തായ് വൻ ഡോളർ |
| വിയറ്റ്നാം | - ഓംഗ് |
| ജപ്പാൻ | - യെൻ |
| ഇന്തോന്യേഷ്യ | - റുപിയാ |



# പ്രകൃതി ദൃശ്യം



അഭിമന്യ സദൻ



# മഞ്ഞുതുള്ളിയുടെ ഉണർത്തുപാട്ട്



അഖില കെ.ആർ

ഹിമാർദ്രമാം വീഥിയിൽ
ഓർമതൻ മണിത്തൊട്ടിലിൽ
നിറമാർന്നൊരാ ശിഖരങ്ങളും
മറ തേടിയ കിളിക്കൊഞ്ചലും

കുളിർതേടുമോ കിളിതൻ ഹൃദയം,

അലയുന്നുവോ ഹിമകണത്തിനായ്,
കാതോർക്കുന്നുവോ ആ നല്ല ദിനത്തിനായ്

മലർ വിരിയുമോ....പുലർവേളയ്ക്കായ്
കനൽ കണക്കെ എരിയുമ്പോഴും
ഹൃദയാർദ്രമായ് ഉണരുന്ന
ചെറുകണങ്ങളായ് സാന്ത്വനമായ്
മലനിരകളും താഴ്വരകളും

അല്ല ! പ്രാണൻ തൻ നിശ്വാസം
മരണനിദ്രയിൽ നിന്നുണർത്താൻ
ജീവന്റെ തുടിപ്പിനായ് കരുതാൻ
മേഘമാം അമ്മയെയും
ആകാശമാം അച്ഛനെയും ഹിമാർദ്രമാം വീഥിയിൽ
ഓർമതൻ മണിത്തൊട്ടിലിൽ
നിറമാർന്നൊരാ ശിഖരങ്ങളും
മറ തേടിയ കിളിക്കൊഞ്ചലും

കുളിർതേടുമോ കിളിതൻ ഹൃദയം,

അലയുന്നുവോ ഹിമകണത്തിനായ്,
കാതോർക്കുന്നുവോ ആ നല്ല ദിനത്തിനായ്

മലർ വിരിയുമോ....പുലർവേളയ്ക്കായ്
കനൽ കണക്കെ എരിയുമ്പോഴും
ഹൃദയാർദ്രമായ് ഉണരുന്ന
ചെറുകണങ്ങളായ് സാന്ത്വനമായ്
മലനിരകളും താഴ്വരകളും
മൗനമായൊഴുകുമോ പുഴകളും
തൊട്ടുണർത്തി തൻ നിശ്വാസത്താൽ
പറന്നണഞ്ഞു എൻ ചാരത്തായ്
വെയിലേറ്റു വാടിയും
അന്ധകാരത്തിൽ ചുളുങ്ങിയും
അന്തിമനാളിനായ് കാത്തിരിക്കുന്ന
ചിത്രശലഭത്തിൻ മനസ്സിനെ
വിടർത്തുവാനെത്തി തൻ ചെറുകരങ്ങളാൽ
മനസ്സും കനലായ് മാറിയ
കൊല്ലന്റെ ആലയിൽ
മിഴിനീർകണങ്ങളായ് വിയർപ്പുതുള്ളികളായ്
മെനഞ്ഞു സ്വയമാ ഹിമകണം.
തളർന്ന വീണിതാ പാട്ടുകാരന
തണലായ്, ചെരുമൂളലായ്
തഴുകിയുണർത്താൻ അമ്മക്കൈകളായ്
പറന്നണഞ്ഞ മഞ്ഞുതുള്ളി
ചെറുതുള്ളികൾ കൂടാരങ്ങളിൽ
അലങ്കാരമോ നിറമാർദ്രമോ?
അല്ല ! പ്രാണൻ തൻ നിശ്വാസം
മരണനിദ്രയിൽ നിന്നുണർത്താൻ
ജീവന്റെ തുടിപ്പിനായ് കരുതാൻ
മേഘമാം അമ്മയെയും
ആകാശമാം അച്ഛനെയും
വിട്ടണഞ്ഞു ഈ തളിരുകളിൽ
ചെറുതുള്ളിയായ് , അമ്മത്തഴുകലായ്


മടങ്ങുവാൻ നേരമാവുമ്പോൾ
മിഴികളിൽ നീർകണങ്ങൾ നിറഞ്ഞും
മനസ്സിൽ ഏറ്റുവാങ്ങിയ ചെറുനാവുമായ്
ജ്വലിക്കും തീജ്ജ്വലമായ്,
കാത്തിരിക്കും മനസ്സുമായ്
യാത്രയാക്കി ആ ജീവന്റെ തുടിപ്പിനെ
ദൈവത്തിൽ കരുതലായെത്തിയ കണത്തിനെ.
മൗനമായൊഴുകുമോ പുഴകളും
തൊട്ടുണർത്തി തൻ നിശ്വാസത്താൽ
പറന്നണഞ്ഞു എൻ ചാരത്തായ്
വെയിലേറ്റു വാടിയും
അന്ധകാരത്തിൽ ചുളുങ്ങിയും
അന്തിമനാളിനായ് കാത്തിരിക്കുന്ന
ചിത്രശലഭത്തിൻ മനസ്സിനെ
വിടർത്തുവാനെത്തി തൻ ചെറുകരങ്ങളാൽ
മനസ്സും കനലായ് മാറിയ
കൊല്ലന്റെ ആലയിൽ
മിഴിനീർകണങ്ങളായ് വിയർപ്പുതുള്ളികളായ്
മെനഞ്ഞു സ്വയമാ ഹിമകണം.
തളർന്നു വീണിതാ പാട്ടുകാരനു
തണലായ്, ചെരുമൂളലായ്
തഴുകിയുണർത്താൻ അമ്മക്കൈകളായ്
പറന്നണഞ്ഞ മഞ്ഞുതുള്ളി
ചെറുതുള്ളികൾ കൂടാരങ്ങളിൽ
അലങ്കാരമോ നിറമാർദ്രമോ?
അല്ല ! പ്രാണൻ തൻ നിശ്വാസം
മരണനിദ്രയിൽ നിന്നുണർത്താൻ

ജീവന്റെ തുടിപ്പിനായ് കരുതാൻ
മേഘമാം അമ്മയെയും
ആകാശമാം അച്ഛനെയും ഹിമാർദ്രമാം  വീഥിയിൽ
ഓർമതൻ  മണിത്തൊട്ടിലിൽ
നിറമാർന്നൊരാ ശിഖരങ്ങളും
മറ തേടിയ കിളിക്കൊഞ്ചലും
കുളിർതേടുമോ കിളിതൻ  ഹൃദയം,
അലയുന്നുവോ ഹിമകണത്തിനായ്,
കാതോർക്കുന്നുവോ ആ നല്ല   ദിനത്തിനായ്
മലർ വിരിയുമോ....പുലർവേളയ്ക്കായ്



# കുട്ടായി

**കുട്ടിക്കവിത**



**അലൻ സി. ജോമോൻ**

എട്ടും പൊട്ടും തിരിയാതങ്ങനെ
ഞെട്ടിവിറയ്ക്കും കുട്ടായീ
പൊട്ടിയതൊരു കതിനാവെടിയാണെ-
ന്നൊട്ടുമറിഞ്ഞില്ലെന്നാണോ?
പൊട്ടച്ചാരെ,പേടിച്ചെന്തിനു
കട്ടക്കീഴിലൊളിച്ചു നീ?
കുട്ടികൾ പോലും പൊട്ടിച്ചിരിയുടെ
കെട്ടുകൾ പൊട്ടിച്ചോടുന്പോൾ
എട്ടും പൊട്ടും തിരിയാതിവനൊരു
കട്ടക്കീഴിലൊളിച്ചല്ലോ........!

# മഴയുടെ നാട്ടറിവുകൾ



അലീന പീറ്റർ

## മഴയും ഞാറ്റുവേലയും


മഴ പ്രകൃതിയുടെ വരദാനവും നിറചൈതന്യവും.ഉർവ്വരതയുടെ പ്രതീകം.പുതു സസ്യങ്ങൾ നാമ്പിടുന്നത് ഇക്കാലത്ത്.മഴ കൊണ്ടുവരുന്നത് നൊട്ടനാണെന്നാണ് തൃശ്ശൂർ ജില്ലയിലെ തോളൂർ ദേശത്തുക്കാർ വിശ്വസിക്കുന്നു.മഴ പെയ്യിക്കുവാൻ ആന്ധ്രയിൽ തവള കല്ല്യാണവും പാലക്കാട് ജില്ലയിലെ ചിറ്റൂരിലും നിലവിലുണ്ട്.വിത്തിടുന്ന ദിവസം മഴയ്ക്കായി മാരിയമ്മയ്ക്ക് ബലി നൽകുന്ന ഏർപ്പാട് അട്ടപ്പാടിയിൽ നിലനിൽക്കുന്നു.ജീവൻ തുടിക്കുന്ന,പൊലിയുന്ന പെരുമഴക്കാലം.ചാറ്റൽമഴ,പെരുമഴ,കള്ളമഴ എന്നിങ്ങനെ വർഷ ഋതുവിലെ വൈവിധ്യങ്ങൾ.ഓർമ്മകളുടെ ഋതുചര്യകളിൽ തെളിയുന്നത് മാരിവില്ലുകൾ.മണ്ണും മഞ്ഞും മഴയുമായി കൂട്ടുകൂടിയപ്പോൾ കൈവന്നത് ദീർഘനാളത്തെ രോഗപ്രതിരോധം.

കൃഷിക്ക് ഏറ്റവും യോജിച്ച സമയം കണ്ടെത്തുന്നതിന് കാലാവസ്ഥാപഠനം നടത്തിയതിന്റെ ഉത്തമ നിദർശനമാണ് ഞാറ്റുവേല.ഒരു വർഷത്തിൽ ലഭിക്കുന്ന മൊത്തം മഴയെ സൂര്യന്റെ നക്ഷത്രസ്ഥിതിക്കനുസരിച്ച് 27 ഞാറ്റുവേലകളായി തിരിച്ചിരിക്കുന്നു.കാർത്തിക,മകീര്യം,പുണർതം മുതലായ ഞാറ്റുവേലകൾ രണ്ടു രാശികളിലായിരിക്കും.ഞാറ്റുവേല പകൽ പിറക്കുന്നത് ശുഭകരമല്ലെന്ന് വിശ്വാസം.ഞാറ്റുവേല കൃഷിമുഹൂർത്തവും കുറിക്കുന്നു.മൂപ്പ് കൂടിയ മുണ്ടകൻ വിത്തിന് ആദ്യ ഞാറ്റുവേല ഉത്തമം.ഞാറ്റുവേല പകർച്ചയ്ക്ക് വിത്ത്

വിതയ്ക്കരുത്.കാർഷിക സമൃദ്ധിയുടെ സാധന പാഠങ്ങൾ നെയ്യെടുത്ത പഴയ തലമുറ വിള വർദ്ധനവിനായി ഞാറ്റുവേല കൂടാതെ അനുകൂലമായ നാളുകളും മുഹൂർത്തങ്ങളും കണ്ടെത്തി.എന്നാൽ വിത്തുകൾ കൈമോശം വന്ന കർഷകന് കാലാവസ്ഥ വ്യതിയാനത്തിൽ ഞാറ്റുവേലകൾ കൂടി ക്രമം തെറ്റിയത് കനത്ത പ്രഹരമായി.മഴ കലണ്ടറും വെള്ളത്തിന്റെ ബഡ്ജറ്റും തയ്യാറാക്കി കാലദേശങ്ങൾക്കനുസൃതമായി കൃഷി ചെയ്തിരുന്നവർക്ക് കണക്ക് പിഴച്ചു.പ്രാദേശിക ജ്ഞാന ശേഖരങ്ങളിൽ നിന്നും പ്രായോഗികവും ഗുണപ്രദവുമായ വശങ്ങൾ നമുക്ക് സ്വാംശീകരിക്കേണ്ടതുണ്ട്.



# പുഴയുടെ താളം



ആൽബി സാജു

ഒഴുകിവരും താളമേ...
ഒഴുകി വരും ഈണമേ...
നിന്നുടെ പാട്ടുകേൾക്കാൻ
ഞാൻ കാത്തിരിക്കുന്നു
നിന്നിലായിരം മണിമുത്തുകൾ
ചേർന്ന് ഒഴുകിവരും പുഴയേ
നിന്റെ പാട്ടുകേൾക്കാൻ
എന്തുരസം....
നിന്റെ താളം കേൾക്കുമ്പോൾ
ഈണമെൻ നെഞ്ചിൽ നിറയുന്നു
നിന്നിൽ നീന്താനെന്തുരസം
നീന്തികുളിരുകൊള്ളുന്ന മീനുകളാകെ
അതുകാണുമ്പോളുന്മാദം.

# കുട്ടിത്തം



അലീന ഷാജി

മഞ്ഞവെളിച്ചത്തിന്റെ നടുവിലൂടെ
ഞാൻ നടന്നു പോകുകയായിരുന്നു
ദൂരെപ്പൂങ്കുലയണിഞ്ഞ
തെങ്ങിൻ തലപ്പുകൾ പാറിപ്പന്നിരുന്നു
കുന്നിൻ ചെരിവിലെ മഞ്ഞിൻ കണങ്ങൾ
ഇറ്റുവീണു നദിയായി മാറുന്നുണ്ടായിരുന്നു
തുള്ളികൾ പാദസ്വരമുത്തുകളായി
കാലിലണിഞ്ഞ് നോക്കി നിന്നപ്പോൾ
വിളിയൊച്ചകൾ പല സ്വരങ്ങളായ്
കാതിനരികിൽലെത്തുമ്പോൾ
മന്ദമാരുതൻ പല ഭാവങ്ങളായ്
അവിടെക്ക് പോകാൻ മറന്ന്
പച്ചിലകളുടെ തണലിൽ
വെയിൽ മങ്ങുന്നതറിയാതെ
ഞാൻ നടന്നു നീങ്ങവേ
ചിറ്റുവീണ ശലഭുകൾ
പാറിപ്പറന്നിരുന്നു
അതിനെപ്പിടിക്കാൻ ശ്രമിക്കവേ
കൈ എത്താദൂരത്തിൽ
ബാല്യത്തിലെ വരകൾ കടന്നു  പോയിരുന്നു.

# മാധ്യമങ്ങളുടെ സ്വാധീനം



അനീറ്റ റെജി

മാധ്യമങ്ങളെ ഇരുകരങ്ങളും നീട്ടി സ്വീകരിച്ചവരാണ് മനുഷ്യരാശി. 21-ാം നൂറ്റാണ്ടിന്റെ മദ്ധ്യഭാഗം മുതൽ മാധ്യമങ്ങൾ മനുഷ്യന്റെ ആനുകാലിക ജീവിതത്തിൽ ഭാഗഭാക്കായി. എല്ലാത്തരം മാധ്യമങ്ങളും നല്ലതുതന്നെ. എന്നാൽ അവ മനുഷ്യനെ നിയന്ത്രിക്കാതെ മനുഷ്യൻ മാധ്യമങ്ങളെ നിയന്ത്രിക്കുന്നതാവട്ടെ.ഊണും,ഉറക്കവും ഫെയ്സ് ബുക്കിനും, വാട്സാപ്പിനും തീറെഴുതി കൊടുക്കുന്ന ന്യൂജനറേഷൻ മാധ്യമ ഉപഭോക്താക്കൾ ഒരിക്കലെങ്കിലും ഈ ജന്മം നൽകിയ സ്രഷ്ടാവിനെ സ്മരിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

“ഹന്തചാരുകടാക്ഷമാലകൾ
അർക്ക രശ്മികൾ മീട്ടിയാ
ചിന്തയാം മണി മന്ദിരത്തിൽ
വിളങ്ങുമീശനെ വാഴ്ത്തിയും"

മഹാകവി നൂറ്റാണ്ടുകൾക്കു മുമ്പേ രചിച്ച കവിതയുടെ മകരന്ദ മാസ്മരികത മനതാരിൽ വിളങ്ങിനിൽക്കുമ്പോൾ തന്നെ ഇക്കാലത്തിലെ കവിക്കു ഇങ്ങനെയും എഴുതേണ്ടിവന്നു. "ഇനിവരുന്നൊരു തലമുറയ്ക്ക് ഇവിടെ വാസം സാധ്യമോ" മാധ്യമങ്ങൾ നല്ലതുത്തന്നെ. അവയുടെ സ്വാധീനം ഗുണവും , ദോഷവും ഉണ്ടാക്കുന്നത്.

സോഷ്യൽ മീഡിയായുടെ അമിതമായ സ്വാധീനം പ്രായഭേദമെന്യ എല്ലാ മനുഷ്യരിലും വ്യത്യസ്തമായ ചിന്തകൾക്കും ദുർവികാരത്തിനും ഇടവരുത്തുന്നു. എന്നാൽ യൂട്യൂബിലും മറ്റും വരുന്ന മഹാരഥന്മാരുടെയും

പണ്ഡിതരുടെയും പ്രഭാഷണങ്ങളും , സെമിനാറുകളും നല്ലമനുഷ്യരുടെ ചിന്താധാരകളെ ഉന്നതമായ ബോധ്യങ്ങളിലെക്കു നയിക്കുന്നുണ്ട്.

ഫെയ്സ് ബുക്കും വാട്സപ്പും ആർക്കൊക്കെ?

പ്രായപൂർത്തിയായവരെല്ലാം പക്വതയുള്ളവരാകെണമെന്നില്ല. കുലീനമായ ചിന്തകളും , ഈശ്വരഭക്തിയും , ശ്രേഷ്ഠതയിൽ ആകൃഷ്ടരായി നല്ലതും ചീത്തയും തിരിച്ചറിയാൻ കഴിവുള്ള വിവേകമതികളിൽ ഇവ ഫലപ്രദമായ പ്രയോജനം ഉളവാക്കും. നന്മ കണ്ടാൽ അവയെ മറ്റുള്ളവർക്കും കൂടി പ്രയോജനപ്പെടുത്തുവാ നും തിന്മയിൽ നിന്ന് ഓടിയകലുവാൻ കഴിവുള്ളവരുമായ ദൈവമനുഷ്യർക്കേ ഇത്തരം മാധ്യമങ്ങൾ അനുഗ്രഹദായകമാവൂ. അവയവദാനത്തിന്റെയും രക്തദാനത്തിന്റെയും ആവശ്യവും പ്രസക്തിയും വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ നന്മപ്രവർത്തികൾ ചെയ്യാൻ നല്ലവർക്ക് ഇതൊരു ഉപാധിയും കൂടിയാണ്.

വിജ്ഞാനം വിരൽത്തുമ്പിൽ

“വിജ്ഞാനം വിരൽത്തുമ്പിലായിട്ട് നാളേറയായി. പാഠശാലകളിൽപ്പോയിട്ടില്ലാത്ത നിരക്ഷരർപോലും വിലകൂടിയ ആൻഡ്രോയ്ഡ് ഫോണുകൾ വാങ്ങാൻ നെട്ടോട്ടത്തിലാണ്. അറിവിനേക്കാൾ ഉപരിയായി " അറിയാനുള്ള" തത്രപ്പാടിലാണ്. ഈ ഓട്ടത്തിൽ നഷ്ടപ്പെടുന്നത് കുടുംബവും മക്കളും സമാധാനവും സാമ്പത്തിക ഭദ്രതയും. മാധ്യമലോകത്തുനിന്നും വായന കാലം നിത്യചാരുതയോടെ എന്നും കാത്തുസൂക്ഷിക്കുന്ന മാധ്യമ പ്രഭ പത്രങ്ങൾ മാത്രമായിരിക്കും. സത്യത്തെ ദൂരെ നിർത്തി പൊടിപ്പും തൊങ്ങലും വച്ച കഥകളുമായി വാർത്തകൾ ദുരന്തങ്ങളും, മരണവും ആയാൽ പോലും അവ ആഘോഷമാക്കുന്ന ചാനലുകാരുടെ കപട സദാചാരം സുബോധമുള്ളവരും സുമനസ്സുകളും നിസ്സംശയം തള്ളി കളയുക തന്നെ ചെയ്യും. മാധ്യമലോകം വളരട്ടെ. ഈ മാധ്യമങ്ങൾക്കും അപ്പുറം പ്രപഞ്ച സ്രഷ്ടാവ് കാരുണ്യത്തിന്റെ കൈക്കുമ്പിളിൽ സകലതിനെയും ആവാഹിക്കുന്ന എന്ന ബോധ്യത്തോടെ.

പത്രങ്ങളാകുന്ന മൃതസഞ്ജീവനി വായനയുടെ ലോകത്തെ പരിപാലിക്കുന്നതു കാണാൻ പുതുതലമുറയ്ക്ക്, വരും തലമുറയ്ക്കും ഇടയാകട്ടെ. അറിവിന്റെ ലോകത്തിന് എന്നും പ്രണാമം, സുപ്രണാമം.



# ഒരു ക്രിസ്തുമസ് രാത്രി



അഞ്ജിത അജി

“ടോമീ... കൊച്ചേ.. നീയ മസാലക്കൂട്ട് വാങ്ങിയിട്ട് എവിടെക്കൊണ്ടു പോയി വെച്ചു... ഈ വീട്ടുൽ ഒരു കൂട്ടം നോക്കിയാൽ കണില്ല"

അവനെ വിളിക്കമ്മച്ചീ.. മസാലക്കൂട്ട് ഭരണിയിൽ വെച്ചിട്ടുണ്ട് " തേങ്ങ ചിരവിക്കൊണ്ടിരുന്ന അനി എഴുന്നേറ്റു. മൂത്തമകൻ കെട്ടിയ പെണ്ണാണ് അനി.

“ഒരു സമാധാനവുമില്ല, ടോമിച്ചെക്കന് പുൽക്കൂട് എന്നുള്ള ഒരു ചിന്ത മാത്രമേയുള്ളൂ.. പാതിരാ കുർബാനയ്ക്ക് സമയത്തിനു പോകാൻ പറ്റിയാ മതിയാരുന്നു..''അമ്മച്ചീടെ വേവലാതി മാറിയിട്ടില്ല..

“എടാ.. ടോമീ.. ഇത്തവണത്തെ കരോൾ ഗാനമത്സരത്തിന് നമുക്ക് സമ്മാനം വല്ലോം കിട്ടുമോടാ?”

“അമ്മച്ചീയല്ലേ പാടുന്നത് മാക്കവാറും കിട്ടിയേക്കും”

“നീ പോടാ ചെക്കാ... ഈ ക്രിസ്തുമസ് ദിവസം എന്തു കിട്ടിയാലും അത് ലതികേടേ വീട്ടിലോട്ട്... കേട്ടേ...”

“ശരിയാ അമ്മച്ചീ... അത് തന്നെയാ ശരി” എല്ലാവരും സമ്മതിച്ചു..

ലതിക അവരുടെ അയൽവാസിയാണ്. ലതികയുടെ കെട്ടിയോൻ വണ്ടിയിടിച്ച് കിടപ്പായിട്ട് കൊല്ലം ഒന്നു കഴിഞ്ഞിരിക്കുന്നു. രണ്ടു പിള്ളേരുമായി വളരെ ബുദ്ധിമുട്ടിയാ അവൾ ജീവിക്കുന്നത്. എന്തായാലും ജോലിയെല്ലാം തീർത്തു സമയത്ത് തന്നെ എല്ലാവരും കൂടി

പള്ളിയിലെത്തി. കരോൾഗാന മത്സരത്തിൽ സജീവമായിത്തന്നെ പങ്കെടുത്തു.

പാതിരാ കുർബാനയ്ക്ക് തൊട്ടുമുൻപ് ടോമിച്ചൻ ഓടിപ്പാഞ്ഞുവന്നു.

"അമ്മച്ചീ... അമ്മച്ചീ... പുൽക്കൂടിനും കരോൾഗാന മത്സരത്തിനും നമുക്കു തന്നെയാ ഒന്നാം സമ്മാനം. പതിനായിരം രൂപ ക്യാഷ് പ്രൈസ്. അച്ചൻ ഇപ്പം അനൗൺസ് ചെയ്യും"

"ഈശോയേ നന്ദി" അമ്മച്ചി കരങ്ങൾ കൂപ്പി.

"പാവപ്പെട്ടവരെ സാഹായിക്കാൻ മനസ്സ് കാണിച്ചാൽ അങ്ങ് വാരിക്കോരി തരുമല്ലോ.. നന്ദി.."

ഉണ്ണീശോയുടെ തിരുപ്പിറവിയും കണ്ട് കൈനിറയെ സമ്മാനങ്ങളുമായി ആ സന്തുഷ്ട കുടുംബം വീട്ടിലേക്ക് യാത്രയായി.

# പ്രതീക്ഷ തൻ മഞ്ഞുതുള്ളി



ആൻ മരിയ ജിനോ

വരണ്ടുണങ്ങിയ ഭൂമിയാം അമ്മയിൽ
തണലില്ല , കാറ്റില്ല ,പൂക്കളില്ല
കത്തിജ്വലിക്കുന്ന സൂര്യന്റെ ശോഭയിൽ
ഭൂമിയാം അമ്മയും ഉരുകി വീണോ?...
തണലിനായ് കാറ്റിനായ് തേൻ കനിക്കായ്
ഉണരണം ഭൂമി നീ ഉയർന്നീടേണം
മങ്ങുന്ന സൂര്യനും കാർമുകിലും
തന്നീടുമോ നിൻ പൊൻ വസന്തം
പീലി നീർത്തുമോ പ്രതീക്ഷ തൻ കിങ്ങിണികൾ
നിറയുന്ന മേഘത്തിൻ കൺകളിലാകെയും
ഒഴുകും പ്രതീക്ഷതൻ ജ്വലയാണോ..
വരണ്ടുണങ്ങിയ നിൻ മേനിയിൽ
വീണൊരിത്തുള്ളി നിൻ
ആത്മാവിൽ സംഗീതമോ....
ദാഹിച്ചു കേഴുന്ന നിൻ പാനപാത്രത്തിൽ
നിറയും പ്രതീക്ഷ തൻ തേൻ തുള്ളിയോ....



# എങ്ങോട്ട് ?



ആൻമരിയ ഷാജി

ഒഴുകും പുഴ നീ പറയുക വേഗം
എവിടേയ്ക്കാണ തിടുക്കത്തിൽ ?
കാടും മേടും താണ്ടിയൊഴുകി
കടലിൽ ചെന്നുചേരേണം.

അലയും കാറ്റേ പറയുക വേഗം
എങ്ങോട്ടാണ് തിടുക്കത്തിൽ ?
നാടിൻ കഥകളെല്ലാം വേഗം
കാട്ടിൽ ചെന്നു പറയേണം.

പെയ്യും മഴയേ പറയുക വേഗം
അകലേക്കെന്തേ തിടുക്കത്തിൽ ?
നാടും നഗരിയുമെല്ലാം നല്ല
കുളിരു പകർന്നു കൊടുക്കണം

പാടും കിളിയെ പറയുക വേഗം
ധൃതിയിൽ പോകുവതെവിടേക്ക് ?
ഇങ്ങേക്കമ്പിലെ നാട്ടുവിശേഷം
അങ്ങേക്കൊമ്പിൽ പറയേണം.

വെറുതെയിരിക്കും കുഞ്ഞേ നീയും
വീടിനു ഉതവികൾ ചെയ്യേണം
നാടിൻ നന്മയ്ക്കായിട്ടെന്നും
നല്ല പ്രവൃത്തികൾ ചെയ്ത്
എല്ലാരേയും സന്തോഷിപ്പിക്കും.

# ജവഹർലാൽ നെഹ്രു





**ആൻസ് മരിയ പീറ്റർ**

അലഹാബാദിൽ 1889 നവംബർ 14 ന ജനിച്ചു. ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രി. പതിനഞ്ചാം വയസ്സിൽ വിദ്യാഭ്യാസം നേടുന്നതിനായി ഇംഗ്ലണ്ടിലേക്കു പോയി. 1912-ൽ ഇന്ത്യയിൽ തിരിച്ചെത്തി. സ്വാതന്ത്ര്യസമരത്തിനു നേതൃത്വം നൽകി. പല പ്രാവശ്യം ജയിലിൽ കഴിയേണ്ടിവന്നു. ഇന്ത്യയെ കണ്ടെത്തൽ, ഒരച്ഛൻ മകൾക്ക് അയച്ച കത്തുകൾ തുടങ്ങിയവ പ്രധാന കൃതികൾ.

# മരം വെട്ടല്ലേ



ആൻ റോസ് വർഗീസ്

വെട്ടല്ലേ കുഞ്ഞേ മാമരങ്ങൾ

വെട്ടല്ലേ കുഞ്ഞേ തൈമരങ്ങൾ

നമ്മുടെ നാടിനെ ശീതളമാക്കുന്ന

നൽവരമാം മരം വെട്ടിടല്ലേ


പച്ചിലച്ചാർത്തു കരിഞ്ഞുപോകും

പച്ചവെള്ളത്തിനും ക്ഷാമമാകും

ജിവൻ തുടിച്ചു തുളുമ്പിനിൽകും

മാമണിപ്പാടം വരണ്ടുപോയാൽ

പാവം ജനതകൾ എന്തു തിന്നും ?



# നാരായൻ



**അരുണിമ ഷാജു**

ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്ക് പെടുന്ന കുടയത്തൂരിൽ 1940 സെപ്തംബർ 2-ന് ജനിച്ച 'കോച്ചരേത്തി'യാണ് ആദ്യനോവൽ ഊരാളിക്കുടി, വന്നല ആരാണ്, തോൽക്കുന്നവർ, കഥകൾ- നാരായൻ എന്നിവയാണ് പ്രധാന കൃതികൾ ഗോത്രസ്മൃതികളുടെ അനുഭവം പേറുന്നവയാണ് അദ്ദേഹത്തിൻെറ രചനകൾ. 'കൊച്ചരേത്തി'ക്കു കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.

# കടങ്കഥകൾ



ആഷ്‌ലി ലാലിച്ചൻ

1. ആനകേറാമല ആട്ടുകേറാമല ആയിരം കാന്താരി പൂത്തിറങ്ങി
   -നക്ഷത്രങ്ങൾ
2. അമ്മ തൊട്ടാലും അമ്മയെ തൊട്ടാലും മകൻ മുങ്ങി മരിക്കും
   - ഉപ്പ്
3. അങ്ങേലെ മുത്തീം മുക്കിലിരിക്കും ഇങ്ങോലെ മുത്തീം മുക്കിലിരിക്കും
   -ചൂല്
4. അമ്മ പുരക്ക് പുറത്ത് മകൻ പുരക്കകത്ത്
   -വൈക്കോലും നെല്ലും
5. എത്ര കത്തീട്ടും കെടാത്ത വിളക്ക്
   - സൂര്യൻ
6. മണ്ണുവെട്ടി പാറകണ്ടു, പാറവെട്ടി വെള്ളി കണ്ടു, വെള്ളി വെട്ടി വെള്ളം കണ്ടു
   -തേങ്ങ
7. ഓടി നടക്കും, പറന്ന നടക്കും തീപ്പന്തം
   - മിന്നാമിനുങ്ങ്
8. ജലജന്തുവായി ജനിച്ചിട്ട് സൂചി കുത്തും ഡോക്ടറായി
   -കൊതുക്
9. സദ്യക്ക മുമ്പൻ ഇലക്ക പിമ്പൻ -കറിവേപ്പില
10. അളന്ന നോക്കാനാവില്ല തൂക്കിനോക്കാനാവില്ല എല്ലായിടത്തും ഓടിനടക്കും
   -കാറ്റ്
11. കണ്ടാൽ സുന്ദരൻ തോട്ടാൽ ഭയങ്കരൻ -തീ

12. കറുകറുത്ത പാറമ്മേൽ വെളുവെളുത്ത വേരോടി
-ആനക്കൊമ്പ്

13. പൂട്ടാനൊട്ടും പണിയില്ല തുറക്കാനൊട്ടും കഴിയില്ല
-തൊട്ടാവാടി

14. കിടക്കുമ്പോൾ നെഞ്ചിനു മീതെ നടക്കുമ്പോൾ
തലക്കുമീതെ -ആകാശം

15. കൈയ്യ് എത്താത്ത പൊൻതളിക
-ചന്ദ്രൻ

16. മണ്ണിനുള്ളിൽ പൊൻ ചട്ടുകം -മഞ്ഞൾ

17. കൂകി വിളിച്ചോടി വന്നു ഒരുപാടിറക്കി
ഒരുപാടേറ്റി -തീവണ്ടി

18. ചത്തു കിടന്ന പാമ്പ് വടിയെടുത്താലോട്ടും
-തോണി

19. കുളിക്കാൻ പോവുമ്പോൾ വെളുത്തിട്ട് കുളിച്ചു വരുമ്പോൾ
ചുവന്നിട്ട് -നെയ്യപ്പം

20. ഒരമ്മ രണ്ടു മുറം വീശി വീശി നടക്കുന്നു -ആന

# ഈ യാത്ര ഇനി എത്രനാൾ



അരുണിമ ഷാജു

തിരക്കുപിടിച്ച ബസിൽ ഇരുന്ന യാത്ര ചെയ്യുിരുന്ന ഒരു യുവതിയുടെ അടുത്തു കൈനിറയെ ബർഗുകളുമായി ഒരു വൃദ്ദവന്നിരുന്നു. അവരും ബാഗുകളും കൂടിയുയിപ്പോൾ ഒട്ടും സ്ഥലം ഇല്ലാതെ ഞെരുങ്ങി ഇരിക്കേണ്ടിവന്ന യുവതിയുടെ അവസ്ഥ കണ്ടപ്പോൾ വിഷമം തോന്നിയ മറ്റൊരു യാത്രക്കാരി അവരോടു ചോദിച്ചു: "നിങ്ങളെന്തേ പ്രതികരിക്കാത്തത് ? ആ ബാഗുകൾ താഴെ വയ്ക്കാൻ വൃദ്ധയോട് പറയൂ...." അപ്പോൾ ഒരു ചെറുപുഞ്ചിരിയോടെ ആ യുവതി പറഞ്ഞു: " ഒരു ചെറിയ കാര്യമല്ലേ ഉള്ളൂ ഇത് . ഇതിനെന്തിനു ദേഷ്യപ്പെടുകയും തർക്കികികുകയും ചെയ്യണം? മാത്രമല്ല ഒരുമിച്ചുള്ള ഈ യാത്ര ഇനി അല്പദൂരം മാത്രം.... സുവർണ്ണലിപികളിൽ കുറിച്ചിടേണ്ട മറുപടിയല്ലേ ഈ യുവതിയുടേത്. നമ്മൾ ഒരുമിച്ചുള്ള ഈ യാത്ര ഇനി അല്പദൂരം മാത്രം എന്നിരിക്കേ ഒരു തർക്കത്തിലും വഴക്കിലും പ്രസക്തി എന്താണ് ? നമ്മുടെ ഈ ജീവിതം എത്ര നശ്വരമാണെന്നും വഴക്കുകൾക്കൊണ്ടോ അനാവശ്യ തർക്കങ്ങൾക്കൊണ്ടോ നന്ദികേടുകൊണ്ടോ ഇരുൾ പരത്തേണ്ട ഒന്നല്ല അതെന്നും നാമോരോരുത്തരും തിരിച്ചറിഞ്ഞിരുന്നെങ്കിൽ....



# വലയിൽ വീണ പൂച്ച



ആഷ്‌ലി ലാലിച്ചൻ

പൂച്ച ഒന്നു തോണ്ടി. മൊബൈൽ ഒന്നു ചിരിച്ചു.
പൂച്ച കരഞ്ഞു, മ്യാവൂ.... ചുറ്റും നോക്കി. നല്ല തക്കം. എടുത്ത് മടിയിൽ വച്ചു, മ്യാവൂ...ആരും കണ്ടില്ല.
ഒന്നുകൂടി തോണ്ടി നോക്കി. മൊബൈലിന് ഇക്കിളിയായി. പൂച്ച ഫുൾ റേഞ്ചിൽ.

പതുക്കെ നെറ്റ് തുറന്നു. പുതിയ ലോകം. ഹോ! ഇത്രനാൾ എന്റെ ജീവിതം വെറുതെ കളഞ്ഞു. മ്യാവൂ.. പൂച്ച മതിമറന്നു. ഫെയ്സ്ബുക്ക്, വാട്ട്സ് ആപ്പ്... എന്തൊരു രസം.

ഇപ്പോൾ പൂച്ചയ്ക്ക് കൂർത്തനഖങ്ങളില്ല. ഇരയെ നോക്കിയുള്ള മൂളലില്ല. വാലിളക്കിയുള്ള ആവേശമില്ല. എലികൾ പരസ്പരം ചോദിച്ചു എന്തു പറ്റി ഈ പൂച്ചയ്ക്കി. പക്ഷേ, പൂച്ച ഇതൊന്നും അറിഞ്ഞില്ല. പെട്ടെന്ന് ഫോൺ സ്വിച്ച് ഓഫ് ആയി. ഠിം! പൂച്ചയുടെ റേഞ്ച് പോയി.



# മനുഷ്യജീവിതങ്ങൾ



അനീറ്റ റെജി

ഓരോ ജൻമോദ്ദേശം തേടിയുള്ള
ദീർഘമാം തീർത്ഥാടനങ്ങളല്ലോ
പലജാതി പലവർണ്ണ
പല രൂപമാർന്ന മാനവനെ
എന്തിനായ് മെനഞ്ഞെടുത്തതീശൻ

പണത്തിനായ് പായും മനുഷ്യൻ
പാരിലുയിരേകിയവനെ മറക്കുന്ന
പാടുപെട്ട് വളർത്തിയ
മാതാപിതാക്കളെ മറന്നവൻ

പാപത്തിൻ പടുകുഴികൾ തീർക്കുന്ന
സുഖസൗകര്യങ്ങൾക്കായോടും മനുജൻ
ചുറ്റുമുള്ള ജീവിതങ്ങൾ കാണാൻ മറക്കുന്നു
ജനലഴിയിലൂടെ പുറം ലോകമെന്തെന്ന
നോക്കാൻ പോലും സമയമില്ലാത്ത
മരണപ്പാച്ചിലാണിന്ന് ജീവിതം

മുൻകാലങ്ങളിൽ പലരും നടത്തിയ യാത്രകൾ
ആരെന്ന ചോദ്യത്തിനുത്തരം തേടിയുള്ളതായിരുന്നു
പലരും പരാജിതരായ ആ യാത്രയിൽ
വിജയിച്ചവർ കണ്ടെത്തിയ സത്യമിതാണ്
ഓരോ ജന്മവും ഈശ്വരാവതാരമാണ്


നീ തേടിയലയുമീശ്വരൻ
നിന്റെയുള്ളിൽ തന്നെയാണുറങ്ങുന്നത്
മനസ്സിലെ തിന്മയാകുമിരുളുമാറി
സ്നേഹത്തിൽ നറുദീപം തെളിയുമ്പോൾ
നിന്നിലെ ഈശ്വരതേജസുണർന്ന്
ചുറ്റുമുള്ളവരിൽ പ്രകാശം ചൊരിയും

നിന്റെ ജീവിതം നിന്റെ മാത്രമല്ല
നിന്നെ പ്രതീക്ഷിക്കുന്നവരുടെ കൂടെയാണ്
പ്രതീക്ഷകൾ ജീവിതത്തിന് വഴി തെളിക്കുമ്പോൾ
നിന്റെ ജീവിതം മറ്റുള്ളവരുടെ
പ്രതീക്ഷകൾക്ക് ജീവനേകട്ടെ

മിന്നിമായുമീ ലോകത്തിലെ
അന്ധകാരം നിറഞ്ഞ ജീവിതങ്ങളിൽ
മിന്നാമിനുങ്ങിൻ നറുദീപമെങ്കിലും
തെളിയിക്കാനായില്ലെങ്കിൽ
ജന്മ മരണങ്ങൾക്കിടയിലൂടെയുള്ള
ഈ പടയോട്ടമെന്തിന്?



# മാറുന്ന ലോകം



അലൻ സി ജോമോൻ

ഇന്നത്തെ ലോകം പണ്ടുള്ളവയിൽ നിന്നും ഏറെ വ്യത്യസ്തമാണ്. ലോകത്തിന്റെ രൂപത്തിലും ഭാവത്തിലും വളരെയധികം മാറ്റം വന്നിട്ടുണ്ട്. കാഴ്ചയിലും ജീവിതരീതിയിലും മാറ്റം വന്നിരിക്കുന്നു. മനുഷ്യന്റെ ചിന്താഗതികൾ തന്നെ കാലത്തിനൊപ്പം യാത്രച്ചെയ്യുകയാണ്. അത് ഓരോ നിമിഷവും പുതിയ കാഴ്ചകളെ തേടി കണ്ടുപിടിക്കുന്നു. കാലത്തോടൊപ്പം ഓടുന്ന മനുഷ്യർ മുന്നിലുള്ളത് എത്തിപ്പിടിക്കാനും കടന്നുപൊയ്ക്കൊണ്ടിരിക്കുന്നവയെ അവജ്ഞയോടെ കാണുകയും ചെയ്യുന്നു. അവയൊക്കെ ഒരുകാലത്ത് നമ്മുടെ ജീവിതത്തിന്റെ ഭാഗമായിരുന്നു. പുതുമയിൽ ഇന്നത്തെ ലോകം സന്തോഷം കണ്ടെത്തുന്നു. പഴമയെ മനസ്സിൽ നിന്നുപോലും ഇല്ലാതാക്കുന്നു.

പണ്ടത്തെ മനുഷ്യർ ജീവിക്കാൻ വേണ്ടി നെട്ടോട്ടമോടുമ്പോൾ ഇന്നത്തെ ലോകം ആഡംബരജീവിതത്തിനു വേണ്ടി മത്സരിക്കുന്നു. എല്ലാരേക്കാളും താൻ ഉയർന്നുനിൽക്കണം എന്ന ചിന്താഗതി ഇന്നത്തെ സമൂഹം ഏറ്റെടുക്കുന്നു. ഇതിനെല്ലാം അടിസ്ഥാനമായ പണത്തിന്റെ പിന്നാലെ ഓടുന്നു. വഴിയിലെ സകലതിനെയും ചവിട്ടി നശിപ്പിച്ച് കണ്ണിൽ പണത്തിന്റെ തിലക്കവുമായി അവർ പായുകയാണ്.

പണത്തിന് നന്മച്ചെയ്യാനും തിന്മച്ചെയ്യാനും സാധിക്കും. പണത്തോടുള്ള മനുഷ്യന്റെ ശരിയായ ചിന്താഗതി സഹജീവികളുടെ നേരെ നമ്മുടെ കാഴ്ചയെത്താൻ കാരണമാകുന്നു. അതിനാൽ എന്റെ എന്നതിൽ നിന്നും നമുക്കുവേണ്ടി എന്നു ചിന്തിച്ച് പണത്തിനേക്കാളും സ്നേഹത്തിനും ജീവനും വിലകല്പിക്കുക. നമ്മുടെ ആവശ്യങ്ങൾ പോലെ വിലപ്പെട്ടതാണ് മറ്റുള്ളവരുടെ ആവശ്യങ്ങളും എന്ന മനസ്സിലാക്കി ജീവിതത്തെ ആസ്വദിക്കുക.

# മഴ



**ആൻസ് മരിയ പീറ്റർ**


ചന്നം പിന്നം താളം തുള്ളം
മണി മുത്തുകൾ പൊഴിയാൻ നേരായി
പുഴയും തോടും വയലും
നിറയും ജലനാദം കേൾക്കാനായി
ദാഹിച്ചു നില്ക്കും ഭൂമിയാം അമ്മയിൽ
തേൻ തുള്ളി വന്നു പതിക്കട്ടെ
തുള്ളി തുള്ളി ചാടി നടക്കും
മഴ തഴുകും പൂക്കൾ നനയട്ടെ

മഴ തഴുകും പൂക്കൾ നനയട്ടെ.....

# പ്രകൃതി



ആൽബി സാജു



# അന്ധകാരത്തിന്റെ മറവിൽ



ഐശ്വര്യ പ്രസാദ്

ഏകാന്തയുടെ രാവിൽ
അന്ധകാരം വന്നു നിറയുമ്പോൾ
എന്തുചെയ്യണമെന്നറിയാതെ
പകച്ചുനിൽക്കുന്ന ജീവിതം
ഇരുട്ടു മുറിയുടെ കോണിൽ
തനിച്ചിരിക്കയാ ജീവശവം
ചുറ്റുമുള്ളിടങ്ങളിൽ അന്ധകാരം
നിറഞ്ഞു നിൽക്കുമ്പോൾ
മനസ്സിന്റെ ഉള്ളിന്റെ ഉള്ളിൽ
ഒരു തരി വെളിച്ചം!
അതിനെ തിരിച്ചറിയാൻ
അവൾക്കാകില്ല അത്രത്തോളം
ഉണ്ടവളിൽ ദു:ഖങ്ങൾ
താങ്ങായി തണലായി കൂടെ നിന്നവർ
ഒരു സുപ്രഭാതത്തിൽ തൻ കൂടെയില്ല
ജീവനു തുല്യമായല്ല
ജീവനായി കണ്ടവർ പോലുമില്ല !
ഇനി ജീവിതത്തിൽ
താനും ഈ അന്ധകാരവും മാത്രം!

# പാടുന്ന പക്ഷികൾ



ദേവപ്രിയ അജി

കിളിപാട്ടും കാവുകൾ കുയിൽ പാട്ടും രാവുകൾ എന്നൊക്കെ നാം കോൾക്കാറുണ്ട്. പഞ്ചമം പാടുന്ന പക്ഷിയാണ് കുയിൽ എന്നു കവികൾ പറയുന്നു. പാടുന്ന പൈങ്കിളിയും പാടാത്ത പൈങ്കിളിയുമുണ്ട്. പക്ഷികളുടെ പാട്ട് ഇഷ്ട്പ്പെടാത്തവരില്ല. കിളിയും കുയിലും മധുരമായി പാടുമ്പോൾ കാക്ക പരുക്കൻ ശബ്ദത്തിൽ കരഞ്ഞു നമ്മുടെ ചെവിക്കല്ല് തകർക്കുന്നു. പക്ഷികൾ എന്തിനാണ് പാടുന്നത് എന്ന് ആരെങ്കിലും ആലോചിച്ചിട്ടുണ്ടോ? അവ നമ്മെ രസിപ്പിക്കാൻ മനഃപൂർവ്വം പാടുന്നതല്ല. സ്വനപേടകം ഉപയോഗിച്ചാണ് കിളികൾ സ്വരം പുറപ്പെടുവിക്കുന്നത്. ശ്വാസനാളത്തിന്റെ ഒരു ഭാഗമാണ് ഈ പേടകം.

ഇതിലൂടെ വായു പുറത്തേക്കു വരുമ്പോൾ ചില സ്തരങ്ങളിൽ തട്ടിയുണ്ടാകുന്ന ശബ്ദമാണ് പാട്ടായും കരച്ചിലായും നാം കേൾക്കുന്നത്. എല്ലാ പക്ഷികൾക്കും ശബ്ദിക്കാൻ കഴിയും. പക്ഷേ മധുരശബ്ദം പുറപ്പെടുവിക്കുന്നവരെ " പാട്ടുകാരായ പക്ഷികൾ" എന്നു വിളിക്കുന്നു. പാട്ടുപാടാൻ സമർത്ഥർ ആൺപക്ഷികളാണ്. പെൺപക്ഷികളല്ല.

# മഹത് വചനങ്ങൾ


ദേവിക ബിജു

വ്യക്തികൾ നന്നാകുമ്പോൾ കുടുബവും,കുടുബം നന്നാകുമ്പോൾ സമൂഹവും,സമൂഹം നന്നാകുമ്പോൾ രാജ്യവും രാജ്യങ്ങൾ നന്നകുമ്പോൾ ലോകവും നന്നാകുന്നു.

**–എ.പി.ജെ അബ്ദുൾകലാം**

നിശബ്ദതയുടെ ഫലം പ്രാർത്ഥനയാണ്.സ്നേഹത്തിന്റെ ഫലം സേവനമാണ്.സേവനത്തിന്റെ ഫലം സമാധാനമാണ്

**– വി.മദർ തെരേസ**

നമുക്കു കഴിവുള്ളതു കഴിവുപോലെ ചെയ്യാം. ബാക്കിയെല്ലാം ദൈവവും ദൈവമാതാവും കൂടി നോക്കിക്കൊള്ളും.

**– വി.ഡോൺ ബോസ്കോ**

# എന്റെ കുട്ടിക്കാലം



എൽജിൻ വിജി

എന്നോർമ്മതൻ  പൂവിൽ
വിരിയുന്ന ഏറ്റം
സന്തോഷപൂർവ്വകമായ
ഇതളാണെൻ കുട്ടിക്കാലം
എൻ പുഞ്ചിരിയാർന്ന
നിഷ്കളങ്കമായ മുഖം
എനിക്കിന്നു

നഷ്ടമായിരിക്കുന്നു .
എന്തേ എനിക്കിന്നും എൻ
മുഖത്താ മന്ദസ്മിതം

വിരിക്കാൻ സാധിക്കാത്തത്?
മിത്തശ്ശിക്കഥയും അമ്പിളിമാമനും

എന്തേ എന്നെ ഇന്നും ചോറുട്ടാത്തത് ?
മുത്തശ്ശിക്കഥകേട്ടും
അമ്പിളിമാമനെ കണ്ടും

ചോറുണ്ണാനെനിക്കിഷ്ടം.
അമ്പിളിമാമന്റെ   മടിയിൽ
കിടക്കുമാ മാൻക്കുട്ടിയെ
എന്തേ അച്ഛനിന്നു

കൊണ്ടുത്തരാത്തത്?

അച്ഛന്റെ മാറിലും
താരാട്ടുകേട്ടുറങ്ങാൻ

കഴിയുമാകുട്ടിക്കാലമാണെനിക്കിഷ്ടം.

# ടിന്റുമോൻ ജോക്ക്സ്



ജോർജി ആന്റണി പയസ്

പള്ളിയുടെ മുൻപിലൂടെ സിഗർട്ട് വലിച്ചുകൊണ്ട്
പോയ ടിന്റുമോനെ കണ്ട പള്ളിയച്ചൻ ടിന്റുവിനോട്

പള്ളീലച്ചൻ:സിഗർറ്റ് പൊക്കാൻ ആരോഗ്യമില്ലാത്ത നീയാണോ ഇത്

വലിച്ചോണ്ട് നടക്കുന്നേ?

ടിന്റുമോൻ:പൊക്കാൻ പറ്റാത്തക്കൊണ്ടാ അച്ചാ

വലിച്ചോണ്ട് നടക്കുന്നേ

## ജീവിത വിജയത്തിന് മനശക്തിയാണ് പ്രധാനം



ഗിഫ്റ്റിമോൾ ജെയിസ്

ഒരിക്കലും മനസ്സ് തളരാനിടയാക്കരുത്.വിപരീത സാഹചര്യങ്ങളിൽ ഉറച്ച മനസ്സോടെ നിന്നവരാണ് ചരിത്രത്തിൽ ഇടം നേടിയവർ.നിങ്ങളുടെ കുടുംബ പശ്ചാത്തലവും മാതാപിതാക്കളുടെ പെരുമാറ്റങ്ങളും കൂട്ടുക്കാരും നാട്ടുക്കാരും എല്ലാം നിങ്ങളുടെ മാനസികവളർച്ചയെ സ്വാധീനിച്ചിട്ടുണ്ട്.

ജീവിത സാഹചര്യങ്ങളും കുടുംബവും ഒന്നും ഞാൻ തിരഞ്ഞെടുത്തതല്ല. നമുക്ക് ലഭിച്ചതാണ്. കൂട്ടുകാരുടെ നല്ല സാഹചര്യങ്ങൾ നമുക്കില്ല എന്ന് ഓർത്ത് ഒരിക്കലും വിഷമിക്കാൻ ഇടംകൊടുക്കരുത്. ലഭ്യമായ സാഹചര്യങ്ങൾ എങ്ങനെ ഫലപ്രദമായി ഉപയോഗിക്കും എന്നതാണ് പ്രധാനം. "ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം നല്ലതിനാണ്."നമുക്ക് വിഷമം സൃഷ്ടിക്കുന്ന സംഭവങ്ങൾ, വ്യക്തികൾ എന്നിവയെല്ലാം നമ്മെ വളർത്താനുള്ള സാധ്യത ഒളിഞ്ഞിരിക്കുന്നാവയാണ് . പോലീസ് ട്രെയിനിങ് കാലയാളവിൽ അതികഠിനമായ വ്യായാമ മുറകൾ അഭ്യസിക്കേണ്ടതായിവരുന്ന സമയാത്ത് അവ വളരെ വിഷമമാണെന്ന് ഉദ്യോഗർത്ഥിക്ക് തോന്നാമെങ്കിലും അവരുടെ കരിയറിൽ ശരീര ഫിറ്റനെസ്സ് വളരെ പ്രധാനപ്പെട്ടതാണെന്ന് നമുക്കറിയാം. അലോസരപ്പെടുത്തുന്ന ചിന്തകളെയും വ്യക്തികളെയും എങ്ങനെ കൈകാര്യം ചെയ്യും എന്നുള്ളതിലാണ് ജീവിത വിജയം. എപ്പോഴും പോസിറ്റീവായി കാര്യങ്ങളെ വീക്ഷിക്കുവാൻ പഠിക്കണം. ഇത് ഒരു കലയാണ്. നിരന്തരമായി അഭ്യസിക്കേണ്ടതാണ്.

# രക്ഷകനായ്



ഐശ്വര്യ പ്രസാദ്

വർണ്ണ വിളക്കുകൾ നിറദീപമായ്
തെളിഞ്ഞുയരാൻ തുനിയവേ
ഈറൻ മഞ്ഞിൽ നനവാർന്ന്
പുൽക്കൊടികൾ മിഴിപൂട്ടവേ
വാനിടത്തിൽ മാലാഖമാർതൻ
മഹോന്നത കീർത്തനം മുഴങ്ങുന്ന
"അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം
ഭൂമിയിൽ സന്മനസുള്ളോർക്ക് സമാധാനം"
നന്മതൻ സാന്നിധ്യമെന്നും
മനസ്സിന്റെ കോണിലൊളിപ്പിച്ച
സുമനസുകൾക്കുള്ള ദൂതിന്നാരവം
മുഴങ്ങുന്ന കാതുകളിൽ
തെളിയുന്ന മിഴികളിൽ
നവമായൊരു പ്രകാശമായ്
നക്ഷത്ര വിളക്കുകൾക്കപ്പുറം
കോടമഞ്ഞതിൻ തണുപ്പിന്നപ്പുറം
ഉള്ളിൽ പിറക്കാനിടം തേടുന്ന
രക്ഷകൻ തൻ വിലാപം കേൾക്കുന്നു.
മുട്ടിവിളിക്കുന്ന ഹൃദയപടിവാതിലിൽ
തുറന്നിടാനായ് കാത്തിരിക്കുന്ന
തിരിച്ചറിയാത്ത സ്വരമെന്ന് നമ്മൾ
അകലേക്ക് നോക്കി പറയുമ്പോൾ
സോദരദീനത നാം മറക്കുമ്പോൾ
ഇനിയും പിറക്കാനിടമില്ലാതെ

തിരസ്കരണത്തിന്റെ ഭാണ്ഡവും പേറി
ആരവങ്ങളുമാർപ്പുവിളികളുമില്ലാതെ
ക്ഷകൻ വരുന്നു ഇന്നും...
തുറക്കാം നമ്മുടെ ഹൃദയമിന്ന്
കൊടുക്കാമവിടേക്കായ് നമ്മെത്തന്നെ

# പഴഞ്ചൊല്ലുകൾ



ഗിഫ്റ്റിമോൾ ജെയിസ്

1. അകത്തിട്ടാൽ പുറത്തറിയാം
2. അകത്തു കത്തിയും പുറത്തു പത്തിയും
3. അകലെ കൊള്ളാത്തവൻ അടുക്കലും കൊള്ളുകയല്ലാ
4. അകൗശലക്ഷണം സാധനദൂഷ്യം
5. അക്കരനിന്നവൻ തോണിഉരുട്ടി
6. അക്കരനിൽക്കുന്ന പട്ടർ തോണിമുക്കി
7. അക്കരനിൽക്കുമ്പോൾ ഇക്കരെ പച്ച,
   ഇക്കരെ നിൽക്കുമ്പോൾ അക്കരെ പച്ച
8. അങ്കവും കാണാം താളിയും ഒടിക്കാം
9. അങ്ങട്ടുള്ള പോലെ ഇങ്ങട്ടുള്ളു.
10. ആയിരം മാങ്ങയ്ക്ക് അരപ്പൂള് തേങ്ങ



# പൊൻമണി മുത്തുകൾ



ഗോഡ്‌വിൻ ജെയിസ്

കുഞ്ഞുങ്ങളെന്നും പൊൻമണിമുത്തുകൾ
കുടുബത്തിൽ ഐശ്വര്യ ഭാവുകൾ
കുഞ്ഞുകളികളും കൊഞ്ചലുമായി
കുന്നോളം സ്നേഹം വിളമ്പിടുന്നോർ

സകല സൗഭാഗ്യങ്ങളും മക്കൾക്ക് നൽകുവാൻ
സഹനം കഴിക്കുന്ന നിത്യവും തായ
സഹിക്കുവാൻ ആകാത്ത ചുമടേറ്റുമ്പോഴും
സന്തോഷത്തോടെ വഹിക്കുന്ന താതനും

രാവിനെ പകലാക്കി കുതിക്കുവാൻ വെമ്പി
രണ്ടു ചക്ര ശകടത്തിൽ പറക്കുന്നവർ
രാവേറയായിട്ടും കുട്ടിൽ ചേക്കേറാത്തവർ
രാവിന്റെ മറ പറ്റി മാഞ്ഞു പോകുന്നു.

ഇങ്ങനെ നീളുന്ന യുവതലമുറ
ഇങ്ങനെ ആവാൻ കാരണമെന്ത്
ഇന്നത്തെ ലോകത്തിൽ ദീപമാകേണ്ടവർ
ഇന്നിന്റെ ശാപമായി മാറിടുന്നു.


ഓൾഗ ടൊകർച്ചക്ക്

# സാഹിത്യ നോബൽ ജേതാവ്



**ഗോഡ്‌വിൻ ജെയിസ്**

2018 ലെ സാഹിത്യത്തിനുള്ള നോബൽ പുരസ്കാരത്തിന് പോളീഷ് എഴുത്തുകാരി ഓൾഗ ടൊകർച്ചക്ക് അർഹയായി. ചില കാരണങ്ങളാൽ 2018 ൽ സാഹിത്യനോബൽ പ്രഖ്യാപിച്ചിരുന്നില്ല ബുക്കർ പുരസ്കാരം നേടിയ ആദ്യ പോളിഷ് എഴുത്തുകാരിയാണ് ഓൾഗ പലായനങ്ങൾ എന്ന നോവലാണ് ഓൾഗയുടെ പ്രധാന കൃതിയായി നിരൂപകരും വായനക്കാരും വിലയിരുത്തുന്നത്.



# പൊതുവിജ്ഞാനം



ജെമ സജി

1. 2019 ലെ ഓടക്കുഴൽ അവാർഡ് നേടിയത്?
   ഉത്തരം: എൻ. പ്രഭാകരൻ
2. നാഷണൽ മെഡികൽ കമ്മീഷൻ ആദ്യ ചെയർമാൻ?
   ഉത്തരം: സുരേഷ് ചന്ദ്രശർമ
3. കേളികൊട്ട് ഏത് കലാരൂപവുമായി ബന്ധപ്പെട്ടതാണ് ?
   ഉത്തരം: കഥകളി
4. മേഘത്തെക്കുറിച്ചുള്ള പഠനത്തിനു പറയുന്ന പേര് എന്ത് ?
   ഉത്തരം: നേഫോളജി
5. 2019 ലെ ജ്ഞാനപീഠം പുരസ്കാരം ലഭിച്ചതാർക്ക്?
   ഉത്തരം : അക്കിത്തം അച്യുതൻ നമ്പൂതിരി
6. വാട്സാപ് വോയ്സ് കോളിന് നികുതി ഏർപ്പെടുത്തിയതിനെ തുടർന്നുണ്ടായ ജനരോഷത്തിൽ പ്രാധാനമന്ത്രി രാജിവച്ച രാജ്യം
   ഉത്തരം: ലബനൻ
7. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വംശനാശ ഭീഷണി നേരിടുന്ന സസ്യം
   ഉത്തരം: ചന്ദനം
8. കേളികൊട്ട് ഏത് കലാരൂപവുമായി ബന്ധപ്പെട്ടിരിക്കുന്നു
   ഉത്തരം: കഥകളി
9. പ്രസിദ്ധമായ ചമ്പക്കുളം വള്ളംകളി ഏതു നദിയിലാണ്?
   ഉത്തരം: പമ്പ
10. മഹാത്മജിയെ പ്രകീർത്തിച്ച് വള്ളത്തോൾ എഴുതിയ കവിത ഏതാണ് ?
    ഉത്തരം: എന്റെ ഗുരുനാഥൻ
11. ഇന്ത്യൻ പാർലമെന്റ് മന്ദിരത്തിന്റെ ഉദ്ഘാടനം 1927-ൽ ആരാണ് നിർവഹിച്ചത് ?

ഉത്തരം: ഇർവിൻ പ്രഭ

12. കുട്ടനാട്ടുകാരനായ പ്രസിദ്ധ കഥാകാരൻ

ഉത്തരം: തകഴി ശിവശങ്കരപ്പിള്ള

13. 2014 ലെ പന്തളം കേരളവർമ്മ അവാർഡ് നേടിയ കവി?

ഉത്തരം: ചെമ്മനം ചാക്കോ

14.പ്രകൃതിയുടെ ഔഷധശാല എന്നറിയപ്പെടുന്ന വൃക്ഷം ഏത്?

ഉത്തരം: വേപ്പ്

15.സ്ത്രീകളെയും മുനിമാരെയും പ്രതിനിധീകരിക്കുന്ന കഥകളിയിലെ വേഷം ഏത്?

ഉത്തരം: മിനുക്ക്



# അമ്മ



ജെമി സജി

അമ്മിഞ്ഞപ്പാലാദ്യം നുകർന്ന നാളിൽ
ജനനിയാരെന്നറിഞ്ഞില്ല ഞാൻ
മാറോടു ചേർത്തു തൻ ചൂടു പകർന്നപ്പോൾ
തുരുതുരു ചുംബിച്ചോമനിച്ചപ്പോൾ
പുഞ്ചിരി തൂകി ഞാൻ ചേർന്നിരുന്നു
'അമ്മ' യെന്നാദ്യം വിളിച്ചൊരു നേരം
മമ നാവിൻ കെട്ടുകൾ താഴെ വീണു.
കാലങ്ങൾ ഒഞ്ഞിരി കഴിഞ്ഞുപോയി
ലോകത്തിൻ സ്നേഹം ഞാൻ പുണർന്നു
അമ്മിഞ്ഞപ്പാലിൻ മധുരവും, പിന്നെ
അമ്മതൻ വാക്കിൻ പൊരുളും മറന്നു.
മമ ലപിതം മുറിപ്പാടേകിയ
തായ തൻ ഹൃത്തം ഞാൻ മറന്നു.
കാലങ്ങൾ ഒത്തിരി കഴിഞ്ഞുപോയി പിന്നെയും
അന്നെൻ അമ്മ തൻ സ്നേഹം ഓർമയായി
ചുംബനം കൊതിച്ചൊരാ നാളുകളിൽ
കണ്ണീരുമാത്രം ബാക്കിയായി
ഇന്നുമേതോ യാമത്തിലെ കിനാവിൽ
ചുബനം കൊണ്ടെന്നെ പൊതിഞ്ഞു തായ
സ്നേഹത്തിൻ പര്യായം അമ്മയെ, ഞാൻ
എൻ മിഴികൾ തുറന്ന വേള കണ്ടു

ചുവരിലെ  അമ്മതൻ ചിത്രവും, ചാരെ
യേശുവിൻ അമ്മതൻ ചിത്രവും കണ്ടു.

# തത്തമ്മയും തവളയും



ജിയാ ജോയി

കിണറ്റുകരയിലെ മരക്കൊമ്പിലാണ് തത്തമ്മയുടെ വീട് വൈകുന്നേരമായാൽ കിണറ്റിനുള്ളിൽ നിന്നുള്ള തവളയുടെ വീമ്പടി ശബ്ദം തത്തമ്മക്ക് അസഹ്യമായി.'ഈ കിണറാണ് ലോകത്തിലെ ഏറ്റവും വലുതെന്നും ലോകം തന്നെ ഈ കിണറാണെന്നുമായിരുന്നു തവളയുടെ വീമ്പടി.'

ഒരു ദിവസം തത്തമ്മ തവളയോട് പറഞ്ഞു.'നീ വിളിച്ചുപറയുന്നതല്ല ശരി.നീ അറിയാത്ത വളരെ കാര്യങ്ങൾ പ്രകൃതിയിലുണ്ട്.സംശയം ഉണ്ടെങ്കിൽ നിന്നെ ഞാൻ അതൊക്കെ കൊണ്ടുപോയി കാണിക്കാം.എങ്കിൽ നിനക്കു വിശ്വസം വരുമല്ലോ?' തവള സമ്മതിച്ചു.തത്തമ്മ തവളയെ പുറത്തിരുത്തി കാടും മലയും പുഴയും എല്ലാം കാണിച്ചുകൊടുത്തു.എല്ലാം കണ്ടു മടങ്ങിയെത്തിയ തവളയോട് തത്തമ്മ ചോദിച്ചു: 'ഇപ്പോൾ എങ്ങനെയുണ്ട് ? ഇനി നീ പറയുക,നിന്റെ കിണറാണോ,ആറും പുഴകളുമൊക്കെയാണോ വലുത്?'
തവള അതിനു മറുപടി പറഞ്ഞില്ല.ഒന്നും മിണ്ടാതെ ഇളിഭ്യനായി കിണറിനെ ലക്ഷ്യമാക്കി തിരിഞ്ഞുനടന്ന തവളയെ നോക്കി തത്തമ്മ ആത്മഗതം ചെയ്തു . 'ഇനി ആ വിഡ്ഢി ഒരിക്കലും പറയില്ല.ഈ ലോകത്തിൽ ഏറ്റവും വലുത് അവൻ കിണറാണെന്ന്'.എന്നാൽ തത്തമ്മയ്ക്ക് തെറ്റുപറ്റി.പിറ്റേന്നു വൈകുന്നേരം തത്തമ്മ മരക്കൊമ്പിലെ കൂട്ടിലിരിക്കുമ്പോൾ തവള പഴയതുപോലെതന്നെ വിളിച്ചുപറയുന്നതു കേട്ടു. 'ഈ ലോകത്തിൽ ഈ കിണറിനോളം വലുപ്പമുള്ള മറ്റൊന്നില്ല.'നുണകൾ ആവർത്തിക്കപ്പെടുമ്പോൾ ചിലർ സത്യത്തിൽ നിന്ന് അകന്നുപോകും.

# രാത്രിയിലെ യാത്രക്കാരൻ


ജോസഫ് സാബു

**കാലങ്കോഴി**

പരുന്തിനോളം വലിപ്പം ഉള്ള ഇവയുടെ ശാസ്ത്രനാമം സ്ട്രിക്സ് ഓസിലേറ്റ എന്നാണ്. മുഖത്തിന് ഇരുഭാഗത്തും ഓരോ കറുത്ത വരയുണ്ട്. കൊക്കിനു താഴെ വെളുത്ത അടയാളം കാണാം ശരിരത്തിന്റെ ബാക്കി ഭാഗത്തിന് തവിട്ടു നിറമാണ്.അടിവശത്ത് അനേകം കറുത്ത വരകൾ ഉണ്ട്.കാലുകൾ ത്തൂവലുകൊണ്ട് മൂടിയിരി തർക്കുന്നു.ഇവയുടെ മുഖ്യഭക്ഷണം എലിയാണ്.

# നീർമരുത്



വൈഷ്ണവി രാജു

വിക്രമാദിത്യമഹാരാജാവുമായുള്ള പ്രണയം
തകർന്നതിനുശേഷം-
ഞാൻ ഒരു മരത്തെയാണ് പ്രണയിച്ചത്
രാജാവ് നല്ലൊരു കാമുകനായിരുന്നു...
പക്ഷെ, വെള്ളക്കുതിരപ്പുറത്തുവന്നില്ല...
അതുകൊണ്ടു ഞാനദ്ദേഹത്തെ
നിഷ്കരുണം ഉപേക്ഷിച്ചു.
മരം ഉന്നതശീർഷകനും സുന്ദരനും
ആരോഗ്യവാനുമായിരുന്നു.
ഒരു ചരിഞ്ഞ പാറക്കെട്ടിനു സമീപം
കുട നിവർത്തിനിന്ന ഒരു നീർമരുതായിരുന്നു
പാദങ്ങളിൽ തൊട്ടുതഴുകി
ഒരരുവി ഒഴുകുന്നുണ്ടായിരുന്നു
ചരിഞ്ഞപാറപ്പുറത്ത്...അരുവിയിൽ കാൽപ്പാദങ്ങളിളക്കി
പാദസരങ്ങൾ കിലുക്കി... ഞാനിരുന്നു
എന്റെ മരക്കാമുകനോടു ഞാൻ പറഞ്ഞു-
ചില്ലകൾ താഴ്ത്തിനീ എന്നെയൊന്നു കെട്ടിപ്പിടിക്കു........
ഇലകളിൽ പ്രേമകവിതകൾ കുറിച്ച് താഴേക്കിടു
ഓർക്കാപ്പുറത്തൊരു പൂമഴ പെയ്യിച്ച്
എന്നെ അത്ഭുതപ്പെടുത്തു...

മരം എല്ലാം കേട്ട് ചിരിച്ച് തലയാട്ടി അങ്ങനെ
ആകാശത്തേക്കുയർന്നുപോയി...
സങ്കടത്തോടെ ഞാനവനെ ആലിംഗനം ചെയ്തു
അവനുവേണ്ടി ഞാൻ പാട്ടുപാടി

# കഥകളുടെ സുൽത്താൻ



**ജിയാ ജോയി**


മലയാള സാഹിത്യലോകത്തിന്റെ നടുമുറ്റത്ത്, മാംഗോസ്റ്റിൻ മരച്ചുവട്ടിൽ സൈഗോളിന്റെയും പങ്കജ് മല്ലിക്കിന്റെയും ഗസലുകൾ ഉയരുമ്പോൾ ചാരുകസേരയിൽ ലയിച്ചിരുന്ന മയങ്ങുകയാണ് മലയാളത്തിന്റെ സുൽത്താൻ. ആസ്വാദക മനസ്സിൽ ചിരിയും ചിന്തയും നൽകി,മലയാള ഭാഷയും സാഹിത്യവും നിലനിൽക്കുന്ന കാലത്തോളം അദ്ദേഹവും അദ്ദേഹത്തിന്റെ എഴുത്തും നിറഞ്ഞുനിൽക്കുക തന്നെ ചെയ്യും.

**ജീവിതരേഖ**

1908 ജനവരി 21 ന് കോട്ടയം ജില്ലയിലെ വൈക്കം തലയോലപ്പറമ്പിൽ കായി അബ്ദുറഹിമാന്റെയും കുഞ്ഞാച്ചുമ്മയുടെയും മൂത്തമകനായി ജനിച്ചു.സ്കൂൾ വിദ്യാഭ്യാസ കാലത്ത് വീട്ടിൽനിന്ന് ഒളിച്ചോടി ഇന്ത്യൻ നാഷണൽ കോൺ-ഗ്രസിൽ ചേർന്ന് ഭടനായി. ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്ത് ജയിൽ ജീവിതം അനുഭവിച്ചു . മനുഷ്യമനസിനെ അടുത്തറിഞ്ഞ എഴുത്തുകാരൻ തീക്ഷ്ണമായ അനുഭവങ്ങളുടെ മൂശയിൽ ഉരുകി രൂപപ്പെട്ടതാണ് വൈക്കം മുഹമ്മദ് ബഷീർ എന്ന വ്യക്തിയും ബഷീറിയൻ സാഹിത്യവും.യുവത്വത്തിന്റെ ചങ്കുറ്റവുമായി ഭാരതമൊട്ടാകെ അലഞ്ഞുനടന്ന ബഷീർ വ്യത്യസ്ത സംസ്കാരവും ജീവിതവും അടുത്തറിഞ്ഞു. 1920 കളിൽ ഹൈസ്കൂൾ വിദ്യാർഥിയായിരുന്ന ബഷീർ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് ജയിൽശിക്ഷ അനുഭവിച്ചു. പിന്നീട് അറേബ്യ,ആഫ്രിക്ക എന്നീ രാജ്യങ്ങളിലും യാത്രചെയ്തു. കണക്കപ്പിള്ള, അടുക്കളക്കാരൻ, കപ്പൽ തൊഴിലാളി,

കൈനോട്ടക്കാരൻ, ന്യൂസ് പേപ്പർ വിൽപ്പനക്കാരൻ, ട്യൂഷൻ മാസ്റ്റർ, തുടങ്ങിയ പല ജോലികളും ചെയ്തു.എറണാകുളത്ത് ബഷീർസ് ബുക്ക് സ്റ്റാൾ ആരംഭിച്ചു.

ഈ യാത്രകളിൽ നിന്നു കിട്ടിയ അനുഭവങ്ങൾ ബഷീർ എന്ന വ്യക്തിയെ എഴുത്തുകാരനാക്കുകയായിരുന്നു. ഈ മഹാപ്രസ്ഥാനത്തിന്റെ അന്ത്യത്തിലാണ് വൈക്കം മുഹമ്മദ് ബഷീർ എന്ന സാഹിത്യകാരൻ ജന്മം കൊള്ളുന്നത്.



# പ്രളയനൊമ്പരങ്ങൾ



ജോഷൻ സാന്റോ

പണ്ടെന്റെ നാടിങ്ങനെയായിരുന്നു
പുഴയും മലയും തെളിനീരൊഴുക്കും
ചാലുകളും ശാന്തതീരവും
അംബരചുംബികളാം സൗധങ്ങളും
നിരനിരയായി നിന്നിരുന്നു
പുകതുപ്പും യന്ത്രശാലകൾ
കടകൾ കമ്പോളങ്ങളും
ഉറുമ്പിൻ നിരപോലെ മനുഷ്യരും
ഒരു ദിനമൊരു കുത്തൊഴുക്കിൽ
നഷ്ടമായേറെ ജീവിതങ്ങളും
മോഹങ്ങളും കിനാക്കളും .......

# പ്രകൃതി മലിനീകരണം



അഭിമന്യു സദൻ



# കുരിശിലാണ് മഹത്വം



ജോവിറ്റ ജോസ്

ജീവിത വേദനകൾ വരുമ്പോൾ

കുരിശാണെന്ന് പഴിക്കാതെ

കുരിശിൽ കിടന്നവനെ കാണുക

അപ്പോൾ ,

"കുരിശിലാണ് രക്ഷ

കുരിശിലാണ് വിജയം

കുരിശിലാണ് മഹത്വം"



# വർഗീകരണശാസ്ത്രം



ലിന്റാ ടോമി

ജീവികളെ തിരിച്ചറിഞ്ഞ് സമാനതകളുടെയും വ്യത്യാസങ്ങളുടെയു അടിസ്ഥാനത്തിൽ തരംതിരിക്കുകയും ശാസ്ത്രീയമായി പേരു നൽകുകയും ചെയ്യുന്ന ശാസ്ത്രശാഖയാണ് വർഗീകരണ ശാസ്ത്രം. വിവിധ ജിവിവിഭാഗങ്ങൾ തമ്മിലുള്ള ബന്ധം തിരിച്ചറിയുന്നു. വിവിധ ഭൗമമേഖലകളിലെ സസ്യജന്തു ജാലങ്ങളെക്കുറിച്ച് പൊതുധാരണ ലഭിക്കാനും ഇതു സഹായിക്കുന്നു.

വർഗീകരണശാസ്ത്രത്തിന്റെ നാൾവഴികളിൽ സംഭാവനകൾ നൽകിയ ശാസ്ത്രജ്ഞർ

*** അരിസ്റ്റോട്ടിൽ**

ജീവശാസ്ത്രത്തിന്റെ പിതാവ്. ജീവികളെ ആദ്യമായി വർഗീകരിച്ചുകാലുകളുടെ എണ്ണം, മുട്ടയിടുന്നവ, രക്തമുള്ളവ, ചൂടുള്ളവ ശരീരമുള്ളവ എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ജീവികളെ തരംതിരിച്ചു.

***തിയോഫ്രാസ്റ്റസ്**

അരിസ്റ്റോട്ടിന്റെ ശിഷ്യൻ.സസ്യശാസ്ത്രത്തിന്റെ പിതാവ്. 500 ൽപരം സസ്യങ്ങളെക്കുറിച്ച് ഹിസ്റ്റോറിയ പ്ലാന്റേറം എന്ന പുസ്തകത്തിൽ പരാമർശിച്ചു

***ചരകൻ**

ആയുർവേദത്തിന്റെ പിതാവ്.ചരകസംഹിത എന്ന ഗ്രന്ഥം രചിച്ചു. ചരകസംഹിതയിൽ 200-ൽ പരം സസ്യജന്തുജാലങ്ങളെ ഉൾപ്പെടുത്തി.

***ജോൺ റേ**

സ്പീഷിസ് എന്ന പദം ആദ്യമായി ഉപയോഗിച്ചു. 18,000 ത്തിധികം സസ്യങ്ങളെ ഹിസ്റ്റോറിയ ജനറാലിസ് പ്ലാന്റേം എന്ന പുസ്തകത്തിൽ രേഖപ്പെടുത്തി.

***കാൾ ലിനേയസ്**

വർഗീകരണ തലങ്ങൾ നിജപ്പെത്തി വർഗീകരണത്തിന് ശാസ്ത്രത്തിയ അടിത്തറ നൽകി.അതിനാൽ ആധുനിക വർഗീകരണ ശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നു.അദ്ദേഹത്തിന്റെ പ്രാധാന പുസ്തകങ്ങൾ സിസ്റ്റമ നാച്ചുറെ,സ്പീഷിസ് പ്ലാന്റേറം എന്നിവയാണ്.ജീവികൾക്ക് ശാസ്ത്രീയ നാമം നൽകുന്ന ദ്വിനാമപദ്ധതി ആവിഷ്കരിച്ചതും ലിനേയസ് ആണ്.

***റോബർട്ട് എച്ച്. വിറ്റാക്കർ**

ജീവികളെ അഞ്ച് കിംഗ്ഡമുകളായി വർഗീകരിച്ചു.രണ്ടു കിംഡം വർഗീകരണ രീതിയുടെ പരിമിതികൾ മറികടക്കുന്നതിന് ആയിരുന്നു അഞ്ച് കിംഗ്ഡം വർഗീകരണം അതരിപ്പിച്ചത്.

***കാൾ വൗസ്**

ജീവികളെ ആറ് കിംഗ്ഡമുകളായി വർഗീകരിച്ചു. കൂടാതെ കിംഗ്ഡത്തിന് മുകളിൽ ഡൊമെയ്ൻ എന്നൊരു വർഗീകരണ തലവും കൂടി കൂട്ടിച്ചേർത്തു. ആറു കിംഗ്ഡമുകളെ മൂന്ന് ഡൊമെയ്നുകളില് ക്രമീകരിക്കുകയും കാൾ വൗസ് ചെയ്തു.



# പീറ്റർ ഹാൻഡ്കെ



മെവിൻ സജി

2019 ലെ സാഹിത്യത്തിനുള്ള നോബൽ പുരസ്കാരത്തിന് ഹാൻഡ്കെ ആർഹനായി. ഓസ്ട്രിയക്കാരനായ ഹാൻഡ്കെ നോവലിസ്റ്റ്, നാടകകൃത്ത്എന്നീ നിലകളിൽ പ്രസിദ്ധനാണ്. ഭാഷാപരമായ നൈപുണ്യത്തോടെ മനുഷ്യാനുഭങ്ങളുടെ അതിരുകളെയും അസാധാരണതങ്ങളെയും പറ്റി പര്യവേഷണം നടത്തുന്ന, സ്വാധീനം ചെലുത്തുന്ന എഴുത്തുകാരൻ എന്നാണ് ഹാൻഡ്കെയുടെ രചനകളെക്കുറിച്ച് പുരസ്കാര സമിതി വിലയിരുത്തിയത്. പെനാൽറ്റിക്ക് കാത്തുനിൽക്കുന്ന ഗോളിയുടെ ഉദ്വേഗം എന്ന ഹാൻഡ്കെയുടെ കൃതി പ്രശസ്തമാണ്.



# എന്റെ വിദ്യാലയം



ജോവിറ്റ ജോസ്

നന്മയുടെ ആലയം

എന്റെ വിദ്യാലയം

വിശ്വം എന്നെ കാട്ടിത്തന്ന

എന്റെ ആത്മപീഠം

വിദ്യ എനിക്ക് പകർന്നു തന്ന

ഗുരുക്കന്മാർ എന്റെ ദൈവങ്ങള്

വിദ്യ എന്റെ അമ്മ

അക്ഷരങ്ങളും അക്കങ്ങളും

എന്റെ ആത്മതോഴർ

ദേവാലയമാം വിദ്യാലയത്തില്

പടവുകള് കയറി ഞാൻ

അറിവുകള് തേടി അലഞ്ഞു

അറിവുകള് കാട്ടിതന്നു

അമൃത നിധിയാം പുസ്തകങ്ങള്

ആ അമൃത് കുടിച്ച ഞാൻ

ഒരിക്കലും അതെനിക്ക് വിഷമായില്ല

നന്മയുടെ ആലയം എന്റെ വിദ്യാലയം......

# മഹാശ്വേതദേവി ഇനി ഓർമ്മ



**രോഹിത്ത് എം.എസ്**

വിശ്രുത ബംഗാളി എഴുത്തുകാരിയും ജ്ഞാനപീഠ ജേത്രിയും സാമൂഹിക പ്രവർത്തകയുമായ മഹാ ശ്വേതാദേവി (90) ജൂലൈ 28 ന് ഓർമ്മയായി.

പത്മവിഭൂഷൻ ബഹുമതിയും മഗ്സെസെ, കേന്ദ്രസാഹിത്യഅക്കാദമി പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്. പാർശ്വവൽക്കരിക്കപ്പെട്ട ജീവിതങ്ങളുടെ ദീദി ആ യിരുന്ന മഹാശ്വേതദേവി, ഇന്നത്തെ ബംഗ്ലാദേശി ന്റെ തലസ്ഥാനമായ ധാക്കയിൽ 1926-ലാണ് ജനിച്ചത്.

സചിത്രഭാരത് എന്ന ബംഗാളി വാരികയിൽ സുമിത്രദേവി എന്ന തൂലികാനാമത്തിൽ കഥകൾ എഴുതിക്കൊണ്ടാണ് എഴുത്തിലേക്ക് കടന്നത്. ത്സാൻസിർ റാണി, നാട്ടി, മധ്റോയ്, മധുർ, യമുന കെ തീർ, എതോത്തി ആഷ, പ്രേമതാര, തുടങ്ങിയവയാണ് പ്രസിദ്ധ കൃതികൾ.



# പനി



സന സണ്ണി

മഴകൊണ്ടു നിൽക്കയാണാൺകിട്ടി, ചുറ്റിലും
പകലിന്റെ കോളാമ്പി പൂത്തുനിൽക്കുന്നു.
മഴയേറ്റുകത്തിയൊരുടൽപോലെ , ഉള്ളിലെ
മുറിവേറ്റ വേരിൽക്കിതച്ചുനിന്നു പനി.
നനവുള്ളതമ്മയെന്നാരോ ചെറുപ്പത്തിൽ
മണലിലായെഴുതിച്ച നേരിയൊരോർമ്മയെ
ഇളവിരൽത്തുമ്പിൽനിന്നിറ്റിറ്റു വീഴുന്ന
ജലമെന്നപോലമ്മ തൊട്ടുനിൽക്കുന്നു.
പനികൊണ്ടു ചുട്ടൊരു പപ്പടം മാനത്ത്
മാമുണ്ണുവാൻ നീട്ടിനിൽക്കുന്ന സന്ധ്യകൾ.
കടുമഞ്ഞകയ്ക്കുന്ന നാക്കിൽ ഇരുൾത്തുമ്പു
കനിവായരച്ചിട്ടുറക്കുന്നു രാത്രകൾ.

ജലമെന്നപോലമ്മ മൂർദ്ധാവിലിറ്റുന്നു

പനികൊണ്ട നെറ്റിയിൽ പൊള്ളിക്കിടക്കുന്നു.

പനിയോടെയാൺകുട്ടി മഴനനയുന്നു

മഴയായി വന്നമ്മ തല തുവർത്തുന്നു.



# ഭീമൻ കെൽപ്- മാക്രോസിസ്റ്റിസ്



സന്ദീപ് സുരേന്ദ്രൻ

ഇതുവരെ കണ്ടെത്തിയതിൽ ഏറ്റവും വലിയ പായലാണ് ഭീമൻ കെൽപ്. മാക്രോസിസ്റ്റിസ് വൈറിഫെറ എന്നാണ് ഈ പായൽ ഭീമന്റെ ശാസ്ത്രനാമം. 53 മീറ്റർ വരെ ഉയരം (നീളം) ഉള്ള ഭീമൻ കെൽപിന് 3 ഭാഗങ്ങളാണുള്ളത്. ഏറ്റവും അടിയിലായി സമുദ്രതറയിലുള്ള കല്ലിലും മണ്ണിലും ഉറച്ചുനിൽക്കുന്നതിനുള്ള പാദം പോലിരിക്കുന്ന ഹോൾസ് ഫാസ്റ്റ്, നീണ്ടുവളരുന്ന സ്റ്റെപ് എന്ന തണ്ടും അതിൽ നിറയെ നീണ്ടുപരന്ന ഇലകൾ പോലുള്ള ലാമിനകളും. മഞ്ഞനിറഞ്ഞ തവിട്ടുനിറമാണ് ഈ പായൽഭീമനുള്ളത്. ഇലകൾ പോലുള്ള ഓരോ ലാമിനയുടെ ചുവട്ടിലും വലിയ ഒരു വായുസഞ്ചിയുണ്ട്. ഒരു ദിവസം 60 സെന്റിമീറ്റർ വരെ നീളത്തിൽ ലാമിനയുടെ വളരുന്നു. ഭൂമിയിലെ സസ്യവലർച്ചയിൽ ഏറ്റവും വേഗതയേറിയത് ഇതാണ്. പസഫിക്ക് സമുദ്രത്തിന്റെ വടക്കൻതീരങ്ങളോടു ചേർന്നുള്ള 200 മീറ്റർ വരെ ആഴമുള്ള സമുദ്രഭാഗത്താണ് ഭീമൻകെൽപ് സാധാരണ വളരുന്നത്. വളരെ അടുത്തടുത്ത് വളരുന്നതുകൊണ്ട് സമുദ്രാന്തർ ഭാഗത്തേക്ക് വളരെക്കുറച്ചുമാത്രമേ സൂര്യപ്രകാശം കടന്നുവരുന്നുള്ളൂ. ഭക്ഷണപദാർത്ഥങ്ങളിലും വിവിധ വ്യാവസായിക ആവശ്യത്തിനുമായി അൻജിനേറ്റ് എന്ന രാസവസ്തുവിന്റെ ഉല്പാദനത്തിനായി മാക്രോസിസ്റ്റിസിനെ വൻതോതിൽ കടലിൽ നിന്നും ശേഖരിക്കുന്നുണ്ട്. കാലിഫോർണിയായിൽ മാത്രം വർഷംതോറും 170000 ടൺ ഭീമൻ കെൽപ് കടലിൽ നിന്നും പ്രത്യേക കപ്പൽ വഴി ശേഖരിക്കുന്നു.

# സ്നേഹം



സന സണ്ണി

ഭാഷയാം അമ്മ

ഗുരുവാം അമ്മ

അമ്മ നൽകും കാരുണ്യം സ്നേഹമേ മഹാനിധി

ആ നിധി വെറുതേ കളയരുതേ

ദൈവത്തിൻ കാരുണ്യമേ.

കാരുണ്യം കളഞ്ഞാൽ അറിയാമല്ലോ

പിന്നെ അത് തിരിച്ച കിട്ടുകയില്ല

അമ്മയുടെ കാരുണ്യം ദൈവത്തിന്നനുഗ്രഹംപോലെ,

ഭാഷയാം അമ്മ ഗുരുവാം അമ്മ

അമ്മ നൽകും കാരുണ്യം സ്നേഹമേ മഹാനിധി....

ഭാഷയാം അമ്മ

ഗുരുവാം അമ്മ

# വലിയ മനുഷ്യരുടെ വാക്കുകൾ



ഷാന

കെ.എ

രണ്ട് വലിയ മനുഷ്യർ പറഞ്ഞ ചില കാര്യങ്ങളെ കുറിച്ചാണ് ഞാൻ കുട്ടികൾക്കു വേണ്ടി ഇവിടെ കുറിക്കുന്നത്.

എൻ ജന്മനാടായ മയ്യഴിയിൽ പ്രശസ്തമായ ഒരു പള്ളിയുണ്ട്. വിശുദ്ധ ത്രേസ്യായമ്മയാണ് ഈ ദേവാലയത്തിലെ ആരാധനാമൂർത്തി. ഒക്ടോബർ മാസമാണ് ഈപള്ളിയിലെ പെരുന്നാൾ. ലക്ഷക്കണക്കിന് തീർത്ഥാടകരാണ് അപ്പോൾ മയ്യഴിയിൽ എത്തുന്നത്. പെരുന്നാൾ ആഘോഷത്തിന്റെ ഭാഗമായി ഒരു സാംസ്കാരിക സമ്മേളനം നടന്നു. അതിൽ മുഖ്യപ്രഭാഷണം ചെയ്തത് കോഴിക്കോട് രൂപതയുടെ അഭിവന്ദ്യനായ വർഗീസ് ചക്കാലക്കൽ എന്നാണ് അദ്ദേഹത്തിന്റെ നാമം. വാക്കിലും പെരുമാറ്റത്തിലും എളിമ കാണിക്കുന്ന മഹാനായ ഒരു ബിഷപ്പാണ് അദ്ദേഹം. പിതാവ് എന്നാണ് മെത്രാന്മാരെ നമ്മൾ അഭിസംബോധ ചെയ്യുക. പിതാവ് അദ്ദേഹത്തിന്റെ വാക്കുകൾ തടിച്ചു കൂടിയ സദസിനോട് പ്രധാനപ്പെട്ട ഒരു കാര്യം പറഞ്ഞു. പല വീടുകളിലും ഇപ്പോൾ സന്ധ്യയാകുന്നതോടേയാണ്

കുടുംബാംഗങ്ങൾ എല്ലാവരും ഒത്തുചേരുന്നത്. അപ്പോഴേക്ക് അച്ഛൻ ഓഫീസിൽ നിന്നു തിരിച്ചെത്തിയിരുക്കും. അമ്മ വീട്ടുജോലികളെല്ലാം ചെയ്തു തീർത്ത് വിശ്രമിക്കുകയായിരിക്കും.

അപ്പോഴേക്ക് മക്കളും ട്യൂഷൻ കഴിഞ്ഞ് തിരിച്ചുവന്നിരിക്കും. അങ്ങനെ കുടുംബാംഗങ്ങൾ എല്ലാവരും ഒന്നിക്കുന്ന ശുഭമൂർത്തമാണത്.

അപ്പോൾ കുടുംബാംഗങ്ങൾ എല്ലാവരും ഒരു മണിക്കൂർ നേരത്തേക്ക് മൊബൈൽ ഫോൺ ഓഫ് ചെയ്തു വെക്കണം. കംപ്യൂട്ടറും ഓഫ് ചെയ്യണം. എന്നിട്ട് അച്ഛനും അമ്മയും മക്കളും എല്ലാവരും ഒന്നിച്ചിരുന്ന് സംസാരിക്കുക. കളിയും ചിരിയുമാകാം. ഒരു മണിക്കൂർ നേരം അങ്ങനെ സന്തോഷിച്ചിരിക്കുക. ഒന്നിച്ച് ഭക്ഷണം കഴിക്കുക. എന്നും അങ്ങനെ വേണം. അതോടെ കുടുംബാന്തരീക്ഷം ആകെ മാറും. വീട്ടിലെ മൗനം അവസാനിക്കും.സംസാരവും ചിരിയും തിരിച്ചു വരും. ഇതാണ് അഭിവന്ദ്യനായ പിതാവ് പറഞ്ഞത്.

ഇനി ഒരു വലിയ എഴുത്തുകാരൻ പറഞ്ഞത് കൂടി നമുക്ക് കേൾക്കാം. ടി.പദ്മനാഭൻ എന്ന എഴുത്തുകാരനെ കുറിച്ച് കുട്ടികൾ കേട്ടിരിക്കും. നമ്മുടെ ഭാഷയിലെ വലിയ എഴുത്തുകാരിൽ ഒരാളാണ്. പ്രകാശം പരത്തുന്ന പെൺകുട്ടി, മകൻ സിംഗിന്റെ മരണം, ഗൗരി....ഇതൊക്കെ അദ്ദേഹത്തിന്റെ പ്രശസ്തമായ കഥകളാണ്. അദ്ദേഹം എപ്പോഴും സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടാറുണ്ട്. മുഖം നോക്കാതെ അഭിപ്രായം പറയുകയും ചെയ്യും. അദ്ദേഹം പറഞ്ഞ ഒരു കാര്യവും ഞാൻ കുട്ടികളുടെ ശ്രദ്ധയിൽ പെടുത്തുവാൻ ആഗ്രഹിക്കുന്നു. അണുകുടുംബങ്ങളുടെ വരവോടെ വായന കുറഞ്ഞു. ടി.പദ്മനാഭൻ ഈയിടെ കണ്ണൂരിൽ നടന്ന ഒരു പരിപാടിയിൽ പറഞ്ഞതാണ് ഇത്. അദ്ദേഹം പറഞ്ഞത് ശരിയാണോ? നമ്മൾ ഗൗരവപൂർവം ആലോചിക്കേണ്ട ഒരു വിഷയമാണിത്. അണുകുടുംബം എന്താണെന്ന് കുട്ടികൾക്ക് അറിയാമല്ലോ. അണു എന്ന വാക്ക് ചെറുത് എന്ന അർത്ഥത്തിലാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. അണുകുടുംബം എന്നു വെച്ചാൽ നന്നേ ചെറിയ കുടുംബം എന്ന് അർത്ഥം.

ഇപ്പോൾ ചെറിയ കുടുംബങ്ങളെയാണ് നമ്മൾ എല്ലായിടത്തും കണ്ടുവരുന്നത്. അണുകുടുംബത്തിൽ അച്ഛനും അമ്മയും ഒന്നോ രണ്ടോ കുട്ടികളും മാത്രമാണുള്ളത്. ഇത്തരം കുടുംബങ്ങൾ നഗരങ്ങളിലാണ് കൂടുതലായി കണ്ടുവരുന്നത്. എന്നാൽ ഇപ്പോൾ പതുക്കെ നമ്മുടെ നാട്ടുമ്പുറങ്ങളിലും കുടുംബങ്ങൾ ചുരുങ്ങി അണുകുടുംബങ്ങളായി മാറുന്നു.

ഞാൻ കുട്ടിയായിരുന്ന കാലത്ത് അണുകുടുംബം എന്ന വാക്ക് പോലും ആരും കേട്ടിരുന്നില്ല. അന്ന് അങ്ങനെയൊരു പ്രയോഗം നിലവിലുണ്ടായിരുന്നില്ല. അക്കാലത്ത് വലിയ കുടുംബങ്ങളായിരുന്നു എല്ലായിടത്തും. അച്ഛനും അമ്മയ്ക്കും മക്കൾക്കും പുറമെ മുത്തശ്ശിയും മുത്തശ്ശനുമൊക്കെ ഒന്നിച്ചാണ് താമസിക്കുക. അക്കാലത്ത് എല്ലാവർക്കും ആറും ഏഴുമൊക്കെ മക്കളുണ്ടാകും. എന്റെ അച്ഛന് ഏഴ് മക്കളുണ്ടായിരുന്നു. അതിനു പുറമെ അച്ഛന്റെ പെങ്ങളും അമ്മയും ഞങ്ങളുടെ കൂടെയാണ് താമസിച്ചിരുന്നത്. ആകെ പതിനൊന്നു പേർ. അധിക വീടുകളിലും അങ്ങനെ പത്തും പന്ത്രണ്ടും പേർ താമസിച്ചിരുന്നു. അതിനെ കൂട്ടുകുടുംബം എന്നാണ് വിളിച്ചിരുന്നത്. അണുകുടുംബത്തിന്റെ വിപരീതമാണത്.

ആ കാലത്ത് ഇന്നത്തേതുപോലെ വലിയ വീടുകളുണ്ടായിരുന്നില്ല. വലിയ ഭൂവുടമകളെയും ഡോക്ടർമാരെയും പോലുള്ളവർ മാത്രമേ വലിയ വീടുകൾ പണിതിരുന്നുള്ളൂ. മറ്റുള്ളവരെല്ലാം ചെറിയ വീടുകളിലാണ് താമസിച്ചിരുന്നത്. ഞാൻ എന്റെ അച്ഛനമ്മമാരുടെ നാലാമത്തെ കുട്ടിയാണ്. എനിയ്ക്ക് മൂന്ന് അനുജന്മാരുണ്ട്. ഞങ്ങളെല്ലാവരും നിലത്ത് വിരിച്ചപായയിൽ കിടന്നാണ് ഉറങ്ങിയിരുന്നത് ചുമരിനോട് ചേർന്ന് കിടക്കുവാനായിരുന്നു എനിക്കിഷ്ടം. ആ സ്ഥലത്തിനു വേണ്ടി ഞാൻ അനുജന്മാരുമായി തല്ലുകൂടും.

കൂട്ടുകുടുംബത്തിലെ അമ്മമാർക്ക് എല്ലാ മക്കളെയും അരികിൽ കിടത്തി ഉറക്കാൻ കഴിയില്ലായിരുന്നു. കാരണം മക്കൾ കുറേപേരുണ്ടല്ലോ. നന്നേ ചെറിയ കുഞ്ഞുങ്ങൾ മാത്രം അമ്മയുടെ ഇരുവശവും കിടക്കും. മറ്റു കുട്ടികളിൽ ചിലർ മുത്തശ്ശിയുടെ കൂടെ കിടക്കും. മുത്തശ്ശിമാർ കാത് വളർത്തി വലിയ തക്കകൾ ഇടുമായിരുന്നു. അതിൽ പിടിച്ച് കളിക്കുന്നത് കുട്ടികൾക്ക് നല്ല രസമായിരുന്നു മുത്തശ്ശി കുഞ്ഞുങ്ങളെ മടിയിലിരുത്തി കഥകൾ പറഞ്ഞു കൊടുക്കും. പുരാണങ്ങളിൽ നിന്നും ഐതിഹ്യങ്ങളിൽ നിന്നെമെല്ലാമുള്ള കൊച്ചു കഥകളായിരിക്കും അതെല്ലാം. ഈ കഥകൾ മുത്തശ്ശിക്കഥകൾ എന്ന പേരിലാണ് അറിയപ്പെടുന്നത്.

ഈ അടുത്ത കാലം വരെ മുത്തശ്ശിക്കഥകൾ കേട്ടുകൊണ്ടാണ് കുട്ടികൾ വളർന്നത്. ഈ കഥകളിൽ ഒരു ഗുണപാഠമുണ്ടാകും. തിന്മ ചെയ്യുവർ

ശിക്ഷിക്കപ്പെടും. നന്മ ചെയ്തവർ സന്തോഷത്തോടെ നീണാൾ ജീവിക്കും. നീതിയാണ് എപ്പോഴും ജയിക്കുക. അനീതിതോൽക്കും.

കുഞ്ഞുപ്രായത്തിൽ തന്നെ ഇതുപോലുള്ള കഥകൾ മുത്തശ്ശിയുടെ മുഖത്ത് നിന്ന കേട്ട് വളരുന്ന കുട്ടികൾ നല്ലവരായി വളരും. അവർ നീതിയുടെ പക്ഷത്തായിരിക്കും.

കുഞ്ഞുങ്ങൾ വലുതാകുമ്പോൾ മുത്തശ്ശി അവർക്ക് കഥകൾ പറഞ്ഞുകൊടുക്കുന്നത് നിർത്തും. പക്ഷേ അപ്പോഴേക്ക് കുട്ടികളിൽ കഥകൾ കേൾക്കുവാനുള്ള താൽപ്പര്യം വളർന്നിരിക്കും. കഥകൾ കേൾക്കിന്നതിനു പകരം അവർ വായിക്കാൻ തുടങ്ങും. അങ്ങനെ കുറേശ്ശ യായി അവർ പുസ്തകങ്ങൾ വായിക്കാൻ തുടങ്ങും. ഈ വായനാശീലം പിന്നീട് എന്നും അവരിലുണ്ടാകും. അവർ നല്ല വായനക്കാരായി മാറും.

അണുകുടുംബം വന്നതോടെ മുത്തശ്ശിമാർ ഇല്ലാതെയായി. നിത്യ ജീവിതത്തിലെ തിരക്കുകളിൽ ശ്വാസം മുട്ടുന്ന അച്ഛനും അമ്മയും മക്കൾക്ക് കഥപറഞ്ഞുകൊടുക്കാൻ സമയം കിട്ടാതെയായി. അവർക്ക് ഒരു നൂറ് കൂട്ടം കാര്യങ്ങൾ ചെയ്യാനുണ്ടാകും.

അങ്ങനെ അണുകുടുംബത്തിലെ കുട്ടികൾ കഥകൾ കേൾക്കാതെ വളരുന്നു. അങ്ങനെ അവർ വായനാശീലമില്ലാതെ വളരുന്നു.

ഇതാണ് ടി. പദ്മനാഭൻ എന്ന വലിയ സാഹിത്യകാരൻ പറഞ്ഞതിന്റെ അർത്ഥം.

അഭിവന്ദ്യനായ മെത്രാനും ആദരണീയനായ എഴുത്തുകാരനും പറഞ്ഞത് കുട്ടികൾ ശ്രദ്ധിച്ച കേൾക്കണം.

മൊബൈൽ ഫോണും ടീവിയും കംപ്യൂട്ടറും എല്ലാ ദിവസവും ഒരു മണിക്കൂർ നേരം ഉപയോഗിക്കാതിരിക്കുക. പുസ്തകം കൈയിലെടുത്ത് വായിക്കുക.

കുട്ടികളേ, നിങ്ങൾ ഇങ്ങനെ ചെയ്താൽ നിങ്ങൾ നല്ല മനുഷ്യരായി വളരും. ഉള്ളിൽ കനിവും നന്മയുമുള്ള വലിയ മനുഷ്യരായി.



# പൊൻപുലരി



സിദ്ധാർത്ഥ് മോഹൻ

നാട്ടുഴക്കെ ഞൊടിയിൽ

ഉണരാനായി പൂവാലൻ

നീട്ടിക്കുഴൽ വിളി കൊക്കരകോ

പ്രഭാതഭേരി പുരിയുമായ്.....!

കാക്കപ്പെണ്ണും കാ കാ കാ

പൂങ്കിളിമൊഴിയും കീ കീ കീ

ചടപട ചാടി അണ്ണാനും

ചിലചിലയായി ചിൽ ചിൽ ചിൽ....!

കൗതുകമായും കാഴ്ചകളാൽ

പൂക്കൾ വിളമ്പി പൂന്തേനും,

കൂട്ടം വരവായ് തുമ്പികളും

മലർവനി തേനിൽ പ്രളയമയം...!

# കുട്ട്യേടത്തി - (വായനാക്കുറിപ്പ്)



**ഉത്രാ പ്രസാദ്**

വിധിയാൽ വന്നുപോകുന്ന പോരായ്മകഴളും പരിസരങ്ങളുമായി പൊരുത്തപ്പെടാനാവാത്ത വ്യക്തിത്വം കൊണ്ട് ജീവിതത്തിൽ ഒറ്റപ്പെട്ട് ഒന്നുമല്ലാതായി പോകുന്ന ജന്മങ്ങളുടെ നൊമ്പരം ചാ ലിച്ചെഴുതിയ എംടി വാസുദേവൻനായരുടെ കഥാസമാഹാരമാണ് 'കുട്ട്യേടത്തി'. മനുഷ്യമനസ്സുകളുടെ മത്സരങ്ങളും, നടക്കാതെപോകുന്ന ആശകളും, പരസ്പരവിശ്വാസവും, ആത്മാർഥതയും തകരുമ്പോഴുണ്ടാകുന്ന വേദനകളും കഥകളിൽ തെളിയുന്നു. താളക്കേടുകളും തിരകളും ചുഴികളുംകൊണ്ട് കുരുക്കിൽ പെട്ട് വീർപ്പുമുട്ടുന്ന ചില ജീവിതങ്ങൾ. കുട്ട്യേടത്തി, അന്തിവെളിച്ചം, കടലാസുതോണികൾ, കരിയിലകൾ മൂടിയ വഴിത്താരകൾ, സ്നേഹത്തിന്റെ മുഖങ്ങൾ എന്നിവയാണ് ഈ കഥാസമാഹാരത്തിലെ കഥകൾ.

ഏകാകികളായ മനുഷ്യരുടെ പ്രതീക്ഷകളുടെയും ബലിയർപ്പിക്കേണ്ടിവന്ന ജീവിതസന്തോഷങ്ങളുടെയും ദു:ഖത്തിന്റെയും, നിരാശയുടെയും കഥകളാണിവ. മലയാളസിനിമയിലെ എക്കാലത്തെയും മികച്ച രചനകളായ കുട്ട്യേടത്തിയും മുറപ്പെണ്ണും ഈ സമാഹാരത്തിലെ കഥകളെ ആസ്പദമാക്കി നിർമ്മിച്ചവയാണ്.

# ഒരു പുതിയ ഗാനം



സ്നേഹ

മരിയ ലിജു

പാടട്ടെ ഞാനൊരു നവ്യഗാനം
ജീവന്റെ നാഥനു സ്നേഹഗീതം
സ്നേഹസ്വരൂപനെ നിന്റെ മുമ്പിൽ
രാവും പകലും ഞാൻ പാടീടട്ടെ.
ഒന്നെൻ മനസ്സിൽ കുറിച്ചീടുന്നു
ഓർമ്മയിൽ തേൻമഴ പെയ്തീടുന്നു
അങ്ങേയ്ക്ക് ഞാൻ എന്നും പ്രിയ രൂപം
അങ്ങേയ്ക്ക് ഞാൻ എന്നും ഇഷ്ടരൂപം
പാടട്ടെ ഞാനൊരു നവ്യഗാനം
ജീവന്റെ നാഥനു സ്നേഹഗീതം



# യാത്രാവിവരണം



ഷാനു കെ.എ

2019 നവംബർ 10 ഞായറാഴ്ച്ച ഞങ്ങൾ സ്കൂളിൽ നിന്ന് ടൂർ പോകുവാൻ തീരുമാനിച്ചു. ഞായറാഴ്ച്ച വൈകുന്നേരം 8.30-യ്ക്ക് ഞങ്ങൾ യാത്ര തിരിച്ചു. പോകുന്ന യാത്രക്ക് വേണ്ടി ഞങ്ങൾ ഒരു കൊന്തചൊല്ലിയാണ് തുടങ്ങിയത്. കൊന്ത ചൊല്ലിയശേഷം ഞങ്ങൾ പറഞ്ഞു ഒരു പാട്ട് വെക്കാൻ. വണ്ടിച്ചേട്ടന്മര് പാട്ട് ഇട്ടു തരികയും അടിച്ചുപൊളിച്ച് ഞങ്ങളുടെ യാത്ര തുടങ്ങി. രാത്രിയായപ്പോഴേക്കും ഉറക്കം വന്നു തുടങ്ങി. എല്ലാവരും അവരവരുടെ സ്ഥാനങ്ങളിൽകയറി ഉറങ്ങി. രാവിലെ 5.00 മണി ആകാറായപ്പോൾ ഞങ്ങൾ കന്യാകുമാരിയിലെത്തി. അവിടെ ഒരു റൂം ബുക്ക് ചെയ്തു. എല്ലാവരും കുളിച്ച് തയ്യാറായി . ഞങ്ങൾ അഞ്ചരയോടെ ബോട്ടിൽ കയറി കന്യാകുമാരിയിലെ വിവേകാനന്ദപ്പാറയിൽ പോയി. അവിടെ പോയതിന്റെ പ്രധാന ഉദ്ദേശ്യം സൂര്യോദയം കാണുക എന്നതായിരുന്നു.അങ്ങനെ കുറച്ചു നല്ല നിമിഷങ്ങൾ ഞങ്ങൾ അവിടെ ചെലവഴിച്ചു.അങ്ങനെ ഞങ്ങൾ തിരിച്ച് ഹോട്ടലിലെത്തി ഭക്ഷണം കഴിച്ചു. ശേഷം ഞങ്ങൾ പോയത് മധുരയിലേക്കാണ്. അവിടെ മീനാക്ഷി ക്ഷേത്രം എന്ന ഒരു അമ്പലത്തിലേക്കാണ് പോയത്. വളരെ മനോഹരമായിരുന്നു അവിടത്തെ കാഴ്ച്ച. അതിനു ശേഷം ഞങ്ങൾ പോയത് പൈമരകാട്ടിലേക്കാണ്. അവിടെ ഒടികളിക്കുകയും, ഫോട്ടോ എടുക്കുകയും എല്ലാം ചെയ്തു അങ്ങനെ കുറെ നല്ല ഒർമ്മയായി ഞങ്ങൾ അവിടെത്തോട് വിട പറഞ്ഞു. പിന്നെ പോകുന്നത് Suicide point ലേക്കാണ് അവിടെനിന്ന് താഴേക്ക് നോക്കിയാൽ അതിമലോഹരമാണ്. അതിന്റെ സൈഡിൽ കടി ഒഴുകുന്ന വെള്ളച്ചാട്ടം. അവിടെ ലിറച്ചും മഞ്ഞ് അയതിനാൽ കുറച്ച് കാണാൻ

സാധിച്ചില്ലാ. അവിടെന്ന് ഞങ്ങൾ പോയത് ഭക്ഷണം കഴിക്കാനാണ് പഴയ Room Book ചെയ്യ ഹോട്ടലിലോക്ക പോയ് അവിടെ ഇരുന്ന് ഭക്ഷണമെല്ലാം കഴിച്ച് കഴിഞ്ഞു ഞങ്ങൾ പോയത് lake ലേക്കാണ്. അവിടെ ധാരാളം കാഴ്ചകൾ കാണാനുണ്ടായിരുന്ന്. കാഴ്ചകൾ എല്ലാം കണ്ട് ഞങ്ങൾ സാധാലങ്ങൾ മേടിക്കുന്ന തിരക്കിലായിരുന്നു. എല്ലാം കഴിഞ്ഞ് ഞങ്ങൾ തിരിച്ച് പോകുകയായിരുന്ന്. ആ വഴി പോയപ്പോൾ കാമ്പത്ത് വണ്ടി നിർത്തി അവിടെ മുന്തിരി കട ഉണ്ടായിരുന്നു. അവിടെ നിന്ന് വീട്ടിലേക്ക് മുന്തിരി വാങ്ങുകയും വൈൻ മേടിച്ച് കുടിക്കുകയും ചെയ്യ ശേഷം വണ്ടി പുറപ്പെട്ട ഞങ്ങൾ രാവിലെ 4 മണിയോടെ തിരിച്ചെത്തി.



# കുറുക്കനും വെള്ളമ്പൻപക്ഷിയും



**വൈഷ്ണവി രാജു**

ഒരിടത്ത് ഒരു പ്രാവുണ്ടായിരുന്നു. അവൾ വലിയ ആലിൻകൊമ്പത്ത് കൂടുകൂട്ടി കഴിഞ്ഞുപോന്നു.മുട്ട-യിടാൻ സമയമാകുമ്പോൾ അവൾ കൂട്ടിൽ മുട്ടയിടും. അടയിരിക്കും. കുഞ്ഞുങ്ങൾ വിരിഞ്ഞു ചിറകുമുളയ്ക്കാറാകുമ്പോഴേക്കും കള്ളൻ കുറുക്കൻ മരത്തിന്റ ചുവട്ടിലെത്തും. അവൻ ആലിന്റെ ചുവട്ടിൽ നിന്ന് ഭീഷണി മുഴക്കും "എടീ പ്രാവിൻപെണ്ണേ, നിന്റെ കുഞ്ഞുങ്ങളെ എനിക്കു തിന്നാൻ താ. അല്ലെങ്കിൽ ഞാൻ അങ്ങോട്ടു വരും. നിന്നേം കുഞ്ഞുങ്ങളെയും പിടിച്ചു തിന്നും.”കുറുക്കന്റെ ശബ്ദം കേൾക്കുമ്പോഴേക്കും പ്രാവിന്റെ ഉള്ള് ആന്താൻ തുടങ്ങും. അവന്റെ ഭീഷണിക്കുമുമ്പിൽ അവൾ നിസ്സഹായയാകും. കരഞ്ഞുകൊണ്ട് പ്രാവ് തന്റെ കുഞ്ഞുങ്ങളെ താഴേക്ക് ഇടും. കുറുക്കൻ സ്വാദോടെ അതിനെ തിന്നും. രണ്ടു മൂന്നു ദിവസം കൊണ്ട് പ്രാവിൻകു ഞ്ഞുങ്ങളെ മുഴുവൻ കുറുക്കൻ വയറ്റിലാക്കും. ഒരു ദിവസം പ്രാവ് വിഷമിച്ച് കൂട്ടിൽ ഇരിക്കുകയിരുന്നു അപ്പോഴാണ് അതുവഴി കടന്നുപോയ വെള്ളമ്പൻ പക്ഷി പ്രാവിനെ കണ്ടത്. വെള്ളമ്പൻ പക്ഷി പ്രാവിന്റെ അടുത്തെത്തി കാര്യങ്ങൾ ചോദിച്ചു. പ്രാവ്, നിറകണ്ണുകളോടെ കഥകൾ മുഴുവൻ പറഞ്ഞുകേൾപ്പിച്ചു. വെള്ളമ്പൻ പക്ഷി സ്നേഹപൂർവ്വം അവളെ ശാസിച്ചു.കുറുക്കനെ പറ്റിക്കാൻ ഒരു ഉപായം പ്രാവിനു പറഞ്ഞുകൊടുത്തിട്ട് യാത്ര തിരിച്ചു. വീണ്ടും പ്രാവ് മുട്ടയിട്ടു. മുട്ട വിരിഞ്ഞു. കുഞ്ഞുങ്ങൾ പുറത്തുവന്നു.പതിവുപോലെ കുറുക്കൻ ആലിന്റെ ചുവട്ടിലെത്തി ഭീഷണി മുഴക്കി. പ്രാവ് ചിരിച്ചുകൊണ്ട് അറിയിച്ചു: “കുറുക്കച്ചാ, ഇങ്ങു കയറി എന്റെ വീട്ടലേക്കു വന്നാട്ടെ. അകത്തിരുന്നു കുഞ്ഞുങ്ങളെ തിന്നോളൂ.”

പ്രാവിന്റെ മറുപടികേട്ട് കുറുക്കൻ അത്ഭുതപ്പെട്ടുപോയി. കുറുക്കനു മരം കയറ്റം വശമില്ലല്ലോ. ഇത്തവണ വെറും വയറോടെ പോകണമല്ലോ എന്നോർത്തപ്പോൾ അവന് സങ്കടമായി. അവൻ സൗമ്യതയോടെ പ്രാവിനോട് ചോദിച്ചു: “ഞാൻ പോയേക്കാം. ആട്ടെ ഇങ്ങനെ പറയാൻ നിന്നെ ആരാ ഉപദേശിച്ചത്.” അതാ വെള്ളമ്പൻ പക്ഷിയാ. അരുവിയുടെ തീരത്താ അവന്റെ താമസം. പ്രാവ് എല്ലാം വിളമ്പി.

കുറുക്കൻ നേരെ അരുവിയുടെ തീരത്തേക്കു വച്ചുപിടിച്ചു. അരുവിയുടെ തീരത്തു കൂട്ടുകൂട്ടിയിരിക്കുന്ന വെള്ളമ്പൻ പക്ഷിയെ അവൻ കണ്ടു. കുറുക്കൻ വളരെ പരിചയഭാവം കാണിച്ചു. അയ്യോ സുഹൃത്തേ, ഇത്രയും തുറസായ സ്ഥലത്ത് കൂട്ടുകൂട്ടി താമസിക്കുന്നത് സുരക്ഷതമല്ല. വലിയൊരു കാറ്റടിച്ചാൽ നിങ്ങൾ എന്തു ചെയ്യും.? കുറുക്കൻ ചോദ്യം എറിഞ്ഞു.ഇടത്തു നിന്നു കാറ്റടിക്കുമ്പോൾ ഞാൻ വലത്തോട്ടു തിരിഞ്ഞിരിക്കും. വലത്തുനിന്നു കാറ്റടിക്കുമ്പോൾ ഞാൻ ഇടത്തോട്ടു തിരിഞ്ഞിരിക്കും. അതീവ സാമർത്ഥ്യത്തോടെ വെള്ളമ്പൻ പക്ഷിപറഞ്ഞു. ആട്ടെ എല്ലായിടത്തുനിന്നും ഒരേസമയം കാറ്റടിച്ചാലോ? കുറുക്കൻ വീണ്ടും ചോദിച്ചു. അപ്പോ ഞാനെന്റെ തല ചിറകിനടിയിൽ ദാ, ഇങ്ങനെയിരിക്കും. വെള്ളമ്പൻ പക്ഷി തന്റെ തല ചിറകിനുള്ളിൽ ആക്കി ഇരുന്നു. എല്ലാം ഞൊടിയിടകൊണ്ട് കഴിഞ്ഞു. ഒറ്റച്ചാട്ടത്തിന് വെള്ളമ്പൻ പക്ഷിയെ കുറുക്കൻ വായിക്കുള്ളിലാക്കി കുറുക്കന്റെ മനസ്സ് മന്ത്രിച്ചു-" മറ്റുള്ളവർക്ക് ബുദ്ധി ഉപദേശിച്ചു കൊടുക്കാൻ നിനക്ക് നല്ല വിരുതാ. സ്വന്തം കാര്യം നോക്കാൻ അറിയില്ലല്ലോടാ മണ്ടാ”.

# നമ്മുടെ കേരളം



വിസ്മയ സജിമോൻ

"കേരളം", കേരത്തിന്റെ സ്വന്തം നാട് എന്ന് അറിയപ്പെടുന്ന കേരളം ഇന്ന് മരങ്ങളാലും, കുന്നുകളാലും, പൂക്കളാലും, പുഴകളാലും എന്നുകൊണ്ടും സത്ഗുണസമ്പാനമായ് വിസ്തിരിച്ചു പരന്നുകിടക്കുന്ന നമുടെ കൃഷിഭൂമിയാണ് കേരളം . "ദൈവത്തിന്റെ സ്വന്തം നാട് "എന്നുള്ള നാമവും ഇതിനകം നാം എറ്റുവാങ്ങിക്കഴിഞ്ഞു. തരിശിടുന്ന കൃഷിഭൂമിയും, തകർന്ന കർഷകനും ഈ കാലഘട്ടത്തിന്റെ പ്രതീകങ്ങളായി മാറുമ്പോൾ കുറെയധികം മനുഷ്യർ ഇന്ന് നമ്മുടെ കൃഷിഭൂമിയെ വികസനം എന്ന പേരിൽ നശിപ്പിക്കുവൻ വേണ്ടി ഇറങ്ങിതിരിക്കുന്നു.... മരങ്ങളാലും, പുഴകളാലും, കുന്നുകളാലും ചുറ്റപ്പെട്ട നമുടെ നാട് ഇന്ന് പ്രകൃതിയെ നശിപ്പിക്കുന്ന ഗുഹകളായി പൊക്കികെട്ടുകയാണ് മനുഷ്യർ. ആ ഭൂതകെട്ടുകളിൽ നിന്ന് ഉയരുന്ന അശുദ്ധമായ പുകയാൽ ശുദ്ധവായു ലഭിക്കാതെ ഇന്ന് നിരവധി പിഞ്ചു ബാല്യങ്ങളുടെ ജീവാനുകൾ മണ്ണിനടിയിലാണ്. നാം പ്രകൃതിയോട് കാണിക്കുന്ന ക്രൂരതയ്ക്ക് അതിരില്ലാതെയാകുമ്പോൾ അവിടെ നമ്മോട് പ്രതികരിക്കുന്നത് നമ്മുടെ പ്രകൃതി തന്നെയാണ് മക്കൾ തെറ്റുകൾ ചെയ്താൽ അമ്മ അദ്യമൊക്കെ ക്ഷമിക്കും പിന്നെ ഒരു വലിയ പാഠം പ്രകൃതി മാതാവ് നമുക്ക് അനുഭവങ്ങളിലൂടെ പഠിപ്പിച്ചുതരും ഇതിന് ഏറ്റവും വലിയ ഉദാഹരണമാണ് കഴിഞ്ഞ രണ്ടു വർഷമായി കേരളീയർ അനുഭവിക്കുന്ന "പ്രളയം". പ്രകൃതിയുടെ സംഹരത്താണ്ടവം. ഇതിനിടെ നിരവധി ജീവാനുകൾ നമുക്കിടയിൽ നിന്നും

പെലിഞ്ഞു പോയിരുന്നു. മനുഷ്യർ പ്രകൃതിയോട് കാട്ടിക്കൂട്ടുന്ന ഈ ദുഷ് പ്രവർത്തികളെല്ലാം എന്ന് അവസനിക്കുന്നുവോ അതുവരെ നമുക്ക് എല്ലാവർക്കും പ്രകൃതി ഇതുപോലെ ഓർമ്മപ്പെടുത്തലുകൾ നൽകിക്കൊണ്ടിരിക്കും. ഓട്ടേറെ ക്ലേശങ്ങളും, ദുരിതങ്ങളും, അതിൽപരം സുഖവും അനുഭവിച്ചാണ് ഇന്നത്തെ തലമുറ ജീവിക്കുന്നത്. ശുദ്ധമായ പുഴകൾ ഇന്ന് മാലിന്യക്കൂമ്പാരങ്ങളാൽ കെട്ടിനിന്നാ ആ വെള്ളത്തിൽ ഓരോ സൂക്ഷ്മ ജീവികൾ വളർന്ന് അത് നാടാകെ വ്യാപിച്ച് രോഗങ്ങൾ പരത്തുകയാണ്. മരങ്ങളും, കുന്നുകളും, പുഴകളുമെല്ലാം വെട്ടിനശിപ്പിച്ചൽ ഉണ്ടാകുന്ന ദുരിതം അതികഠിനമാണ്. ഉദാഹരണമായ് ഉരുൾപൊട്ടലും, മണ്ണിടിച്ചിലും, ഇവയെല്ലാം കൊണ്ട് ആ കൃഷിക്കരുടെ ജീവാനുകളെ, സങ്കടത്തിലാഴ്ത്തുകയാണ്. ചിന്തിക്കുക കെട്ടിനിൽക്കുന്ന വെള്ളം കളഞ്ഞും, ജലത്തിലെ പ്ലാസ്റ്റിക്കുകൾ നീക്കം ചെയ്തും, മരങ്ങൾ നാട്ട് പിടിപ്പിച്ചും വരും തലമുറയ്ക്കു, വേണ്ട സൗകര്യങ്ങൾ നമ്മളാൽ കഴിയുന്ന വിധം നമുക്ക് ഏവർക്കും ഒറ്റകെട്ടായി നിന്നു കൊണ്ട് ചെയ്ത് കൊടുക്കാം...... നല്ലൊരു നാളെ അശംസിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു, -നന്ദി, നമസ്കാരം -



# നക്ഷത്രവിളക്ക്



അരുണിമ ഷാജു

ദീപം, ദീപചിന്തയെ മാത്രമല്ലുണർത്തിയത്
ദീപത്തെ മാത്രമല്ല ഓർമിപ്പിച്ചതും
ഭൂമിക്കുവേണ്ടി കത്തിയെരിയുന്ന, ഇപ്പോഴും.....
അനേകം കപ്പലുകൾക്ക് ദിശയറിയിച്ച
സംഖ്യയുടെ അനന്തതയെ കുറിക്കുന്ന
അന്ധകാരത്തിന്റെ മൂടുപടം മെല്ലെയുയർത്തുന്ന,
കവികളുടെ, മുനിമാരുടെ, പ്രണയിനികളുടെ
വിഷയങ്ങളിൽ,ചിന്തകളിൽ, രാവുകളിൽ
മിന്നിയും ചിമ്മിയും മിന്നിയും തെളിയുന്ന
നക്ഷത്ര മാമാങ്കങ്ങളെപ്പറ്റിയാണ്
പുറത്തുവെളിച്ചം നിറച്ച്, അകത്തുള്ള
വെളിച്ചത്തെ കാണാമെന്ന ചിന്തയുണർത്തിയ
നിന്റെ ഉണ്മയെയും അപരന്റെ, ദീപത്തെയും
പണ്ടാരോ കത്തിച്ചുവച്ച നിന്റെ ഉള്ളാവുന്ന
ചേരിയിലെ ഇപ്പോഴും കത്തുന്ന കെടാവിളക്ക്
ക്രിസ്തു...ക്രിസ്തുമസ്സ്...ഭൂമിയുടെ ദീപവലി
ഡിസംബറിന്റെ സൗഭാഗ്യം....

ബാല്യ, കൗമാര, യൗവനങ്ങളിൽ ഒറ്റനോക്കുകൊണ്ട്
മനോഹരമായ സ്വാസ്ഥ്യമണഞ്ഞവർ
തൊഴിലും ശരീരവും ഉപരിജീവിതവുമായ
പറയുടെ കീഴിൽനിന്നു പുറത്തെടുക്കുക
ദീപപീഠത്തിലേക്ക്, നിന്റെ മൂർദ്ധാവിലേക്ക്
കൊണ്ടുവരിക അതിനെ പ്രതിഷ്ഠിക്കുക.

# വാക്ക പാലിക്കാത്ത ചാത്തൻ



സ്നേഹ മരിയ ലിജു

മാത്തനും ചാത്തനും വലിയ കൂട്ടുകാരായിരുന്നു. ഒരിക്കൽ കാടിന്റെ സൗന്ദര്യം ആസ്വദിക്കാൻ അവരൊന്നിച്ച് കാട്ടിൽ പോയി. വർത്തമാനം പറഞ്ഞും തമാശ പറഞ്ഞും ചിരിച്ചും അവർ നടന്ന് കൊടുംകാട്ടിലെത്തി. കാടിന്റെ ഭയാനകതയും വന്യമൃഗങ്ങളുടെ ഭയപ്പെടുത്തുന്ന ഗർജ്ജനങ്ങളും അവരെ പരിഭ്രാന്തരാക്കി. എന്തെങ്കിലും അപകടം സംഭവിക്കാനുള്ള സാധ്യത കൂടുതലാണെന്ന് അവർ മനസ്സിലാക്കി. എന്തു വന്നാലും ഒന്നിച്ച നിൽക്കുമെന്ന അവർ പരസ്പരം ഉറപ്പ നൽകി.പെട്ടെന്നാണ് ഒരു കരടി അവരുടെ മുമ്പിൽ ചാടിവീണത്.ചാത്തൻ രണ്ടും കല്പ്പിച്ച് അടുത്തു കണ്ട ഒരു മരത്തിൽ ചാടിക്കയറി.മാത്തൻ എന്തുച്ചെയ്യണമെന്നറിയാതെ ഒരു നിമിഷം നിന്നു. പെട്ടെന്നാണ് പണ്ട് പള്ളിക്കൂടത്തിൽ അദ്ധ്യാപകൻ പഠിപ്പിച്ച കാര്യമോർത്തത്. 'ചത്ത ജീവികളെ കരടികൾ ഉപദ്രവിക്കാറില്ല.

# ബാലലീല



വിസ്മയ സജിമോൻ

പമ്പരം പാവയും പോരാതായ് തെല്ലമി-
ങ്ങമ്പരപ്പേകാതായോലപ്പാമ്പും.
ആമ്മതൻ പൂഞ്ചേലത്തുമ്പിനിക്കൈവിട്ടു
നമ്മൾക്കെൻ തോഴരേ, പോയ്ക്കളിക്കാം.
ചീറുന്ന, കാറ്റടിഞ്ഞേറുന്ന കാറുകൾ;
ചാറുന്ന, പെയ്യുന്ന കാലവർഷം
ഇമ്മഴവെള്ളത്തിൽപ്പൂൽകളാൽ നിർമ്മിച്ച
നമ്മൾതൻ വഞ്ചികൾ ചാഞ്ചാടട്ടേ,
ഒപ്പമീ നീർക്കുത്തിലോടിയും വീണം പേർ
ത്തൊച്ചയിട്ടാവൂ നാം വീണ്ടും വീണ്ടും.
ഇക്കൊട്ടുങ്കാറ്റൊലി നമ്മൾതന്നാർപ്പാലാ-
ണൽക്കടമാവതെന്നാരറിയു?
ഓതുന്ന വൃദ്ധന്മാർ;ചേറ്റിൽക്കളിക്കായ് വിൻ
പൈതങ്ങ; ളർഥമില്ലമ്മൊഴിയിൽ.
ഇച്ഛയാ നമ്മൾക്കു കുത്താടാനല്ലെങ്കി
ലിച്ചളിയുണ്ടായതെന്തിനവോ?
നാമലർച്ചാർത്തറുത്തന്യോന്യമർച്ചിപ്പൂ
മാമരമേറുന്ന കുസലെന്യേ.
മാമ്പഴമെന്നോണം പുത്തിലഞ്ഞികായും
മാധുര്യമുള്ളൊന്നേ നാം പറിച്ചൽ.

# വളരണം - പുതിയൊരു കാർഷിക സംസ്കാരം



ശ്രീമതി ജൂലിയറ്റ് തോമസ്

നാണ്യവിളകളുടെയും ഭക്ഷ്യവിളകളുടെയും കൃഷികൾ തമ്മിൽ വരുമാനത്തിലും ലാഭത്തിലുമുണ്ടായ ഭീമമായ അന്തരം കാൽ നൂറ്റാണ്ടു മുമ്പ് ഭക്ഷ്യവിളകളെ നമ്മുടെ കൃഷിയിടങ്ങളിൽ നിന്ന് ആട്ടിപ്പായിച്ചു എന്നുതന്നെ പറയാം. അതുമാത്രമല്ല, വിദേശ രാജ്യങ്ങളിൽ സ്വന്തം അസ്ഥിത്വം തേടിപ്പോയ മലയാളി അവിടങ്ങളിലെ രീതികളിൽ മതിമറന്ന് കഞ്ഞിയും കപ്പയും ചീത്തയായ വിഭവങ്ങളാണെന്ന് സ്വയം വിലയിരുത്തിയതും ഈ മാറ്റത്തിനൊരു കാരണമായി എന്നു പറയേണ്ടിവരും. മണ്ണിൽ പണിയെടുക്കുന്നതു അഭിമാനക്ഷതമായി കാണുന്ന ഒരു തലമുറ നമ്മുടെ ഇടയിൽ രൂപപ്പെടുകയും ചെയ്തു.

കച്ചവടം പഠിച്ചവർ കപ്പയെ സ്റ്റാർ ഹോട്ടൽ വിഭവമായി അവതരിപ്പിച്ചതോടെ കേരള മണ്ണിൽ മരച്ചീനി കൃഷി തിരിച്ചുവന്നു തുടങ്ങിയെന്നതും ശ്രദ്ധേയമായ കാര്യമാണ്. നിശ്ചിത കാലത്തു മാത്രം കൃഷി ചെയ്തിരുന്നതും ഉത്പാദനം കുറഞ്ഞതുമായ ഇനങ്ങൾക്കു പകരം വർഷം മുഴുവനും ഏതു സമയത്തും കൃഷി ഇറക്കാവുന്നതും അത്യുത്പാദന ശേഷിയുള്ളതുമായ പുതിയ ഇനങ്ങൾ അവതരിപ്പിക്കപ്പെട്ടത് ഈ മാറ്റത്തിനു പ്രോത്സാഹനമായി എന്നതും എടുത്തു പറയണം. വാണിജ്യ അടിസ്ഥാനത്തിൽ അന്യദേശക്കാർ ഉത്പാദിപ്പിച്ച്, അവരുടെ താൽപര്യത്തിനനുസരിച്ച് വിപണിയിൽ എത്തിക്കുന്ന കാർഷിക വിളകൾ വാങ്ങിത്തിന്ന് സ്വയം രോഗികളായി മാറുന്ന രീതിയിൽ നിന്ന് നമ്മുടെ കുട്ടികളെ പിൻതിരിപ്പിക്കാനും നമുക്ക് ആവശ്യമുള്ളവയെങ്കിലും സ്വന്തമായി കൃഷി ചെയ്യുന്ന രീതി അവരിൽ

പ്രചരിപ്പിക്കാനും ബോധപൂർവ്വമായ ശ്രമങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. നമ്മുടെ വിദ്യാഭ്യാസ-ഭരണ നേതൃത്വങ്ങൾ ഇത്തരത്തിലുള്ള വിവിധ തരത്തിലുള്ള പച്ചക്കറി വിത്തുകൾ സ്കൂളുകൾ വഴി വിതരണം ചെയ്യതിലൂടെ നമ്മുടെ കൃഷി-വിദ്യാഭ്യാസ വകുപ്പുകൾ കഴിഞ്ഞ വർഷങ്ങളിൽ നല്ല തുടക്കമാണ് കുറിച്ചത്. പക്ഷേ, കൃഷി സംബന്ധിച്ച് തുടർ നിരീക്ഷണങ്ങൾക്കോ ഉപദേശങ്ങൾക്കോ കാര്യമായ സൗകര്യം ഒരുക്കാൻ നമ്മുടെ സംവിധാനത്തിൽ കഴിഞ്ഞില്ല എന്നതാണ് സത്യം. പാഠങ്ങളേക്കാൾ പ്രവൃത്തികൾക്കു പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള വിദ്യാഭ്യാസ രീതിയിൽ ഇത്തരം തുടർപ്രവർത്തനങ്ങൾ കൂടി കാര്യക്ഷമമായാൽ പദ്ധതിയുടെ വിജയം വളരെ വലുതാകും. കുട്ടികൾ സ്വയം പര്യാപ്തരാകുന്നതിനൊപ്പം പ്രകൃതിയെ അറിഞ്ഞു വളരുകയും ചെയ്യും.

ചില ജില്ലകളിൽ കഴിഞ്ഞ വർഷം നടപ്പാക്കിയ 'കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞു പദ്ധതിയും' ഇതുപോലെ ശ്രദ്ധിക്കപ്പെട്ടു. കോഴിക്കുഞ്ഞിനോടും ആട്ടിൻകുട്ടിയോടുമൊക്കെ ചങ്ങാത്തം കൂടാൻ ഇഷ്ടപ്പെടാത്ത കുട്ടികൾ ഇല്ലല്ലോ. അതുകൊണ്ടുതന്നെ അവയെ വളർത്താനും പരിപാലിക്കാനും അവർക്കു നല്ല താൽപര്യം ആയിരിക്കും. വലിയ മുടക്കു മുതലില്ലാതെ തന്നെ വരുമാനം നേടാൻ കഴിയുന്ന സ്വയം തൊഴിലാണ് കോഴിവളർത്തൽ. കുട്ടികൾക്കൊപ്പം അമ്മമാർക്ക് അതൊരു വരുമാന മാർഗ്ഗവുമാണ്. അതുകൊണ്ട് തന്നെ കുട്ടികളെ മുട്ടക്കോഴി വളർത്തലെന്ന സ്വയം തൊഴിൽ പരിശീലിപ്പിക്കാനും അതിലൂടെ കഴിയുന്നു.

പല സ്കൂളുകളിലും കുട്ടികളും അധ്യാപകരും ചേർന്നു നടത്തിയ പച്ചക്കറി കൃഷി വളരെ നല്ല വിളവു നൽകി എന്നു മാത്രമല്ല, കുട്ടികൾ അത് ആവേശപൂർവ്വം പങ്കു ചേർന്നു എന്നത് ശുഭസൂചനയുമാണ്. എല്ലാ കുട്ടികളും ഒരുപോലെ കൃഷിയിൽ തൽപരരാകണമെന്നില്ല. പക്ഷേ, വളരെ താൽപര്യം കാണിക്കുന്ന കുട്ടികളുണ്ടാകും. ചെറിയ ഒരു പിന്തുണ മാത്രം മതി അവർ കൃഷിയിലേക്ക് ആകർഷിക്കപ്പെടാനും അതിൽ വ്യാപൃതരാകാനും. പത്തോ പന്ത്രണ്ടോ വർഷത്തെ സ്കൂൾ ജീവിതത്തിനു ശേഷം പുറത്തിറങ്ങുമ്പോൾ സ്വന്തം കാലിൽ നിൽക്കാനുള്ള ധൈര്യം അവർക്കുണ്ടാക്കാൻ അതിലൂടെ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. ചില സ്കൂളുകളിൽ കാർഷിക ഫോറങ്ങളും ഹരിത ക്ലബ്ബുകളും രൂപവൽക്കരിക്കപ്പെടുകയും കുട്ടികളെ കൃഷിയിലേക്ക് ആകർഷിക്കുന്ന തരത്തിലുള്ള പഠനപ്രവർത്തന ങ്ങൾ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

# കുസൃതി ചോദ്യങ്ങൾ



**ജോസഫ് സാബു**

1. ലോകത്തിലുള്ള എല്ലാ മനുഷ്യരും ഒരേ സമയം ചെയ്യുന്ന പ്രവൃത്തി?
2. ആർക്കും വേണ്ടാത്ത സുഖം?
3. ഏറ്റവും അപകടകാരിയായ ഗ്രഹം?
4. ഒരിക്കലും തണുപ്പില്ലാത്ത വെള്ളം?
5. ഹിറ്റലർ ചെറുപ്പത്തിൽ ആരായിരുന്നു?
6. എങ്ങനെയുള്ള ആളുകളാണ് സ്വർഗ്ഗത്തിൽ പോവുക?
7. ഡി.പി.ഈ.പി.യുടെ പൂർണ്ണരൂപം?
8. ഇന്ത്യൻ പുരുഷ ക്രിക്കറ്റ് ടീമിൽ കളിച്ച സ്ത്രീ?

ഉത്തരങ്ങൾ:

1. വളരുന്നു
2. അസുഖം
3. അത്യാഗ്രഹം
4. ചൂടുവെള്ളം
5. കുട്ടിയായിരുന്നു
6. മരിച്ച ആളുകൾ
7. ഡാൻസ് പാർട്ടി ഇടക്ക് പഠനം
8. രവിശാസ്ത്രീ

# സ്വർഗീയ മധ്യസ്ഥൻ



**അമൃത വിജയൻ**

പ്രേഷിതധീരനായ വിശുദ്ധ പൗലോസ് ശ്ലീഹായുടെ നാമത്തിൽ സ്ഥാപിതവും വിശുദ്ധന്റെ മദ്ധ്യസ്ഥതയാൽ ധന്യവുമായ മുത്തോലപുരം ഗേൾസ് ഹൈസ്കൂളിന്റെ മദ്ധ്യസ്ഥനെപ്പറ്റി ഏതാനും വരികൾ കുറിക്കട്ടെ. ഏഷ്യ-മൈനറിൽ ടാർട്ടൂസ് എന്ന സ്ഥലത്ത് പൗലോസ്ശ്ലീഹാ ജനിച്ചു. ജറുസലേമിൽ പ്രശസ്തനായ ഗമലിയേലിന്റെ അടുക്കൽ പൗലോസ് നിയമവും സാഹിത്യവും അഭ്യസിച്ചു. ക്രിസ്തുവിന്റെ അനുയായിയാകുന്നതുവരെയും അദ്ദേഹം സാവൂൾ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ആദ്യത്തെ രക്തസാക്ഷിയായ സ്റ്റീഫന്റെ നേർക്ക് കല്ലെറിഞ്ഞവരുടെ വസ്ത്രങ്ങൾ സൂക്ഷിച്ചിരുന്നത് സാവൂളാണ്. യേശുവിന്റെ ശിഷ്യന്മാരെയെല്ലാം കൊന്നൊടുക്കുമെന്ന് ഓരോ ശ്വാസോച്ഛ്വാസത്തിലും ഭീഷണി മുഴക്കിയിരുന്ന വ്യക്തിയായിരുന്നു അദ്ദേഹം. മഹാപുരോഹിതനെ സമീപിച്ച് ക്രിസ്ത്യാനികളെ പിടിച്ചു കെട്ടി ജെറുസലെമിലേയ്ക്ക് കൊണ്ടുപോകുന്നതിന് ഡമാസ്കസിലെ സംഘങ്ങൾക്ക് നിർദ്ദേശം നല്കണമെന്ന് സാവൂൾ ആവശ്യപ്പെടുകയുണ്ടായി. അങ്ങനെ യാത്രചെയ്ത് അദ്ദേഹം ഡമാസ്കസിന് അടുത്തെത്താറായി. തൽക്ഷണം ആകാശത്തു നിന്ന് ഒരു വെളിച്ചം അദ്ദേഹത്തിന്റെ ചുറ്റും മിന്നിത്തിളങ്ങി. ഉടൻ തന്നെ അയാൾ നിലംപതിച്ചു. സാവൂൾ,സാവൂൾ എന്തിനാണ് നീ എന്നെ പീഡിപ്പിക്കുന്നത് ?" എന്ന് തന്നോട് ചോദിക്കുന്നതായ ഒരു സ്വരം അയാൾ

കേട്ടു. അയാൾ ചോദിച്ചു, “കർത്താവേ അങ്ങ് ആരാണ് ?” അവിടുന്ന് ഉത്തരമരുളി: “നീ പീഡിപ്പിക്കുന്ന ഈശോയാണ ഞാൻ എഴുന്നേറ്റ് നഗരത്തിലേയ്ക്ക് പോവുക. എന്തുചെയ്യണമെന്ന് അവിടെവച്ച് നിനക്ക് നിർദ്ദേശം ലഭിക്കും”. സാവൂൾ നിലത്തുന്നത് എഴുന്നേറ്റു. കർത്താവ് തന്റെ ശിഷ്യനായ ഹനനിയായിലൂടെ സാവൂളിനെ പൂർണ്ണമായും സൗഖ്യപ്പെടുത്തുകയും ബാഹ്യവും ആന്തരികവുമായ കാഴ്ച്ച നല്കി പരിശുദ്ധാത്മാവിനാൽ നിറയ്ക്കുകയും ചെയ്തു. അങ്ങനെ പ്രശസ്ത മതമർദ്ദകനായ സാവൂൾ പൗലോസ് ആയിമാറി, ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിച്ചു. ആ പ്രസംഗം കേട്ടവരെല്ലാം വിസ്മയഭരിതനായി ചോദിച്ചു “ജെറുസലേമിൽ യേശുവിന്റെ നാമം വിളിച്ചപേക്ഷിച്ചവരെ പീഡിപ്പിച്ചിരുന്നത് ഇയാളല്ലേ?” പൗലോസ് അവയൊന്നും ചെവിക്കൊള്ളാതെ പൂർവ്വാധികം ശക്തിയോടെ യേശുവിന്റെ നാമം പ്രഘോഷിച്ചു.

വിശുദ്ധ ക്രിസോസ്റ്റോം പറയുന്നത് പൗലോസിന്റെ ഹൃദയം ക്രിസ്തുവിന്റെ ഹൃദയം പോലെ ആയിരുന്നെന്നാണ് . “ഞാൻ ജീവിക്കുന്നു, എന്നാൽ ഞാനല്ല മിശിഹാ എന്നിൽ ജീവിക്കുന്നു” എന്ന് ശ്ലീഹാതന്നെ പറഞ്ഞിട്ടുണ്ടല്ലോ ക്രൈസ്തവതാരമായി, പ്രേഷിതവീരനായി പാരിനുമുഴുവൻ ദൈവിക വെളിച്ചം വിതറുന്ന,പ്രത്യേകിച്ച് നമ്മുടെ മുത്തോലപുരം കരയിലേയ്ക്കും സ്കൂളിലേയ്ക്കും വൻകൃപകൾ വർഷിച്ച് നമ്മെ ധന്യരാക്കിക്കൊണ്ടിരിക്കുന്ന, വിശുദ്ധ പൗലോസ് ശ്ലീഹായോടുള്ള സ്നേഹവും ബഹുമാനവും നമുക്ക് നല്ല ജീവിതത്തിലൂടെ പ്രകടമാവാം. നന്മയാവ മാത്രം ചിന്തിക്കുവാനും സംസാരിക്കുവാനും പ്രവർത്തിക്കാനും അങ്ങനെ പാവനമായ ജീവിത പാതകളിലൂടെ സതതം മുന്നേറുവാനും വി. പൗലോസ്ശ്ലീഹായുടെ മദ്ധ്യസ്ഥം നമുക്ക് തേടാം.



# കൃതജ്ഞതാ പൂർവ്വം ..........



**അജിലു ഗീവർ**

സ്നേഹത്താലും, സന്തോഷത്താലും ഞങ്ങൾ പൂർത്തിയാക്കിയ **'ജാലകം'** നിങ്ങളുടെ മുമ്പിൽ പ്രസിദ്ധീകരിക്കുമ്പോൾ വളരെയധികം സന്തുഷ്ടരാണ്. ഈ മാസികയുടെ സമ്പൂർണ്ണ വിജയത്തിനായി ഞങ്ങൾ ഓരോരുത്തരും ഒരേ മനസ്സോടെ ഒരു ലക്ഷ്യത്തിനായി ഒരുപോലെ പ്രവർത്തിച്ചു. ഓരോ രാവിനു ശേഷം ഓരോ പകലുകളുണ്ട്.... പ്രതീക്ഷയുടെ പകലുകൾ. ആ പകലുകൾ കാത്തിരിക്കുന്ന ഓരോ വിദ്യാർത്ഥികൾക്കുമായി ഞങ്ങളുടെ കൊച്ചു സൃഷ്ടികൾ സമർപ്പിക്കുന്നു. കളിപ്പെട്ടിയിലെ ഓരോ അക്ഷരങ്ങളായി ഞങ്ങളെ മാറ്റിയ ഞങ്ങുടെ പ്രിയപ്പെട്ട ലിസ്ബത്ത് സിസ്റ്ററിനെയും ജോളി ടീച്ചറിനെയും നന്ദിയോടെ ഓർക്കുന്നു. മാഗസീനുവേണ്ട പൂർണ്ണപിന്തുണ നൽകി ഞങ്ങളുടെയൊപ്പം നിഴൽപോലെ പ്രവർത്തിച്ച മറ്റ് അദ്ധ്യാപകരേയും സഹപാഠികളേയും സ്നേഹത്തോടെ സ്മരിക്കുന്നു. പാഠപുസ്തകത്തിൽ നിന്നും കിട്ടുന്ന അറിവുകൾക്കുമപ്പുറം ചിന്തിക്കാനും ആ ചിന്തയിലൂടെ വളരാനും നിങ്ങൾക്ക് സാധിക്കുമെന്ന വിശ്വാസത്തോടെ ഈ മാസിക സമർപ്പിക്കുന്നു.

സ്നേഹാശംസകളോടെ
സബ് എഡിറ്റർ
അജിലു ഗീവർ





# LITTLE KITES 2019-21

